# അധ്യാപകരോട്

ഈ വരുന്ന എസ്. എസ്. എൽ. സി. പരീക്ഷയ്ക്കായി എല്ലായിടത്തും തീവ്രപഠന പരിപാടികൾ നടന്നു വരികയാണല്ലോ. കുട്ടികളും അധ്യാപകരും രക്ഷിതാക്കളും സംഘബോധത്തോടെ ഉണർന്ന് പ്രവർത്തിക്കുന്ന സമയം കൂടെയാണിത്. ഇനിയും അലസതയെ വിട്ടകലാൻ കൂട്ടാക്കാത്ത കുട്ടികൾക്കു വേണ്ടിയുള്ള സമയബന്ധിതമായ പ്രവർത്തന പദ്ധതികളാണ് നാം വിഭാവനം ചെയ്യുന്നത്. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മികച്ച ഗ്രേഡ് നേടുന്നതിനു വേണ്ടി പ്രായോഗികമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കണമെന്ന താല്പര്യത്തെ മുൻനിർത്തിയാണ് ഇങ്ങനെയൊരു കൈപ്പുസ്തകം ഒരുക്കിയിരിക്കുന്നത്. എല്ലാ ഭാഷാ പ്രവർത്തനങ്ങളെയും ഉൾക്കൊള്ളിച്ച ഒരു സമഗ്ര പഠനരേഖയല്ല ഇത്. ഇതും ഇതിലേറെയും പഠനപ്രവർത്തനങ്ങൾ അധ്യാപകർ ആസൂത്രണം ചെയ്തു നടപ്പാക്കും എന്ന പ്രതീക്ഷയോടെ ഈ ‘കൈവിളക്ക്’ കൈമാറുകയാണ്

# മലയാളം പേപ്പർ I

## പ്രവർത്തനം I

- കവിത്രയങ്ങളുമായി ബന്ധപ്പെട്ട ചെറുതുകൾ തയ്യാറാക്കി ക്ലാസിൽ വിതരണം ചെയ്യുന്നു.

കവിത്രയങ്ങളുടെ കാലം, പ്രസ്ഥാനം, സവിശേഷതകൾ, വിശേഷണങ്ങൾ, ബന്ധമുള്ള മറ്റുള്ളവ ഉൾക്കൊള്ളുന്ന തുുകൾ ആണ് ഉപയോഗിക്കേത്.

- ഒരു മാതൃക




- കവിത്രയങ്ങളുമായി ബന്ധപ്പെട്ട പ്രസ്താവനകൾ കുട്ടികൾ തിരിച്ചറിയുന്നു. ക്ലാസ്സിന്റെ വിവിധ ഭാഗത്തായി സ്ഥാപിച്ച കവിത്രയ പേരുകളുടെ സമീപത്തേക്ക് ഓരോ കുട്ടിയും നീങ്ങണം.

കവിത്രയങ്ങളുടെ പേരുകൾ ക്ലാസ്സിന്റെ ആറു ഭാഗത്തായി നേരത്തെ സ്ഥാപിച്ചിരിക്കണം.



ഓരോ കവിത്രയപേരിനും അടുത്തെത്തിയ കുട്ടികൾ തങ്ങൾക്ക് കിട്ടിയ തുുകളുടെ യോജിപ്പും വിയോജിപ്പും തിരിച്ചറിയുന്നു.

- ഓരോ ഗ്രൂപ്പും തങ്ങൾക്ക് കിട്ടിയ സൂചനകൾ വർഗ്ഗീകരിച്ച് ചാർട്ട്ചെയ്യട്ടെ

- **എഴുത്തച്ഛൻ**

  ഭക്തി പ്രസ്ഥാനം

  കിളിപ്പാട്ട്

  അധ്യാത്മരാമായണം

  16-ാം നൂറ്റാ്

  തിരൂർ തുഞ്ചൻ പറമ്പിൽ ജനിച്ചു.



തുടർന്ന് ഓരോ ഗ്രൂപ്പിനും സൂചനകളിൽനിന്ന് വിശദമായ കുറിപ്പ് തയ്യാറാക്കാം. കുറിപ്പുകളുടെ അവതരണം നടത്തണം.

## പ്രവർത്തനം II

**വൈലോപ്പിള്ളി, ജി. ശങ്കരക്കുറുപ്പ്, ഇടശ്ശേരി എന്നീ പേരുകൾ ശീർഷക സ്ഥാനത്ത് എഴുതിയ ചാർട്ടുകൾ പ്രദർശിപ്പിക്കുന്നു.**

*** കുട്ടികളെ മൂന്ന് ഗ്രൂപ്പാക്കി തിരിക്കാം. ഓരോ കവിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഗ്രൂപ്പുകൾക്ക് പരസ്പരം പ്രശ്നോത്തരിയായി ചോദിക്കാം.**

*** മാതൃക**




**ഓരോ ശരിയുത്തരവും തത്സമയം അധ്യാപികഅതത് കവികളുടെ ചാർട്ടിൽ രേഖപ്പെടുത്താം.**

**ചാർട്ടിനെ അടിസ്ഥാനമാക്കി ഓരോ കവിയുടേയും ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കാൻ ഗ്രൂപ്പിനെ ചുമതലപ്പെടുത്തുന്നു.**

**ജീവചരിത്രക്കുറിപ്പുകൾ ഓരോ ഗ്രൂപ്പിനും അവതരിപ്പിക്കാൻ അവസരം കൊടുക്കാം.**

## പ്രവർത്തനം III

**യൂണിറ്റ് 2, 4, 6, 8 എന്നീ ഗദ്യപാഠഭാഗങ്ങളെ അവലംബമാക്കി എഴുത്തുകാരുമായി ബന്ധപ്പെട്ട സൂചകങ്ങൾ തിരിച്ചറിഞ്ഞ് വർഗ്ഗീകരിക്കാൻ ഉതകുന്ന ഒരു പ്രവർത്തനം കുട്ടികൾക്ക് നൽകാം**

**എഴുത്തുകാരുമായി ബന്ധപ്പെട്ട സൂചക പദങ്ങൾ ക്രമരഹിതമായി ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.**




**ചാർട്ടിൽ തന്നിരിക്കുന്നവയെ എഴുത്തുകാരുമായി ബന്ധപ്പെടുത്തി വർഗ്ഗീകരിച്ച് എഴുതുക**

**ജോസഫ് മുണ്ടശ്ശേരി** → ..................................................

**എം.ആർ. ബി.** → ..................................................

**തിക്കോടിയൻ** → ..................................................

→ ..................................................

## പ്രവർത്തനം IV

താഴെ കൊടുത്തിരിക്കുന്ന ചലച്ചിത്രഗാനശകലങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

1. ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം
   ഇന്ദ്രധനുസ്സിൻ തൂവൽപൊഴിയും തീരം
   ഈ മനോഹര തീരത്തു തരുമോ
   ഇനിയൊരു ജന്മം കൂടി.

2. പുലരിത്തൂ മഞ്ഞുതുള്ളിയിൽ
   പുഞ്ചിരിയിട്ടു പ്രപഞ്ചം
   ഭാരം താങ്ങാനരുതാതേ
   നീർമിഴി വീണുടഞ്ഞു...... വീണുടഞ്ഞൂ.

3. പെരിയാറേ.......പെരിയാറേ
   പർവ്വതനിരയുടെ പനിനീരേ
   കുളിരും കൊു കുണുങ്ങിനടക്കും
   മലയാളിപ്പെണ്ണാണു നീ.

4. മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു
   മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു
   മനുഷ്യനും മതങ്ങളും ദൈവങ്ങളും
   ചേർന്ന് മണ്ണ് പങ്ക് വെച്ചു......
   മനസ്സ് പങ്കുവെച്ചു......

ഈ ഗാനശകലങ്ങൾ ആലപിക്കാൻ ഓരോ കുട്ടികൾക്കും അവസരം നൽകുന്നു.

ചർച്ച

–ഈ ഗാനശകലങ്ങൾ ഇന്നും നമ്മുടെ മനസ്സിൽ തങ്ങി നിൽക്കുന്നതെന്തുകൊാണ്.

– സംഗീതം മാത്രമാണോ നമ്മുടെ മനസ്സിനെ സ്പർശിച്ചത്? ഈ വരികളിൽ നിങ്ങൾ കാണുന്ന സവിശേഷതയെന്ത്?

– വാക്കുകൊ് വാക്കുകൾക്കപ്പുറം പറയുന്നുോ കവികൾ?

– ഈ വരികളിൽ പദഭംഗി എത്രമാത്രം സമ്പന്നമാണ്?

– എന്തെങ്കിലും സാമൂഹികവീക്ഷണം കവി അവതരിപ്പിക്കുന്നുാേ?

നാല് ഗ്രൂപ്പുകൾ മേൽകൊടുത്ത സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ഗാനത്തെയും പരിശോധിച്ച് കുറിപ്പ് തയ്യാറാക്കട്ടെ. ഓരോഗ്രൂപ്പിലും അധ്യാപിക ഇടപെടണം.

* സ്വയം വിലയിരുത്തൽ

* പരസ്പരം കൈമാറി വായന

* മെച്ചപ്പെട്ടവയുടെ അവതരണം

– ഈ ഗാനശകലങ്ങളെ വിലയിരുത്തി എഴുതിയ കുറിപ്പിനെ എന്തുപേരു വിളിക്കാം?

– ആസ്വാദനക്കുറിപ്പ് എന്നു പറയാമോ?

– ഒരു ആസ്വാദനക്കുറിപ്പ് എഴുതുമ്പോൾ എന്തെല്ലാം പരിഗണിക്കണം?

ചർച്ച

ക്രോഡീകരണം

* കേവലാശയം പരിഗണിച്ചുകൊാവണം ആമുഖഭാഗം

* കാവ്യഭംഗിയും രചനാപരമായ സവിശേഷതയും തുടർന്ന് വിശകലനം ചെയ്യപ്പെടണം.

* കേവലാശയത്തിനപ്പുറം കാണുന്ന വസ്തുതകൾ പരിഗണിക്കപ്പെടണം

* സാമൂഹ്യവിഷയങ്ങൾ പ്രതിഫലിക്കുന്നുങ്കെിൽ വിശകലനം ചെയ്യപ്പെടണം.

* സ്വന്തമായ അഭിപ്രായങ്ങൾ യോജ്യമായ രീതിയിൽ കൂടിച്ചേരണം

* ആശയങ്ങളെ ക്രമീകരിച്ച് ഖണ്ഡികതിരിച്ച് എഴുതേതു്.

ഈ ധാരണയുടെ വെളിച്ചത്തിൽ താഴെ കാണുന്ന കവിതാഭാഗത്തിന് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്ന പ്രവർത്തനത്തിലേക്ക് കുട്ടിയെ നയിക്കണം

## പ്രവർത്തനം V

# ഇന്നുഞാൻ നാളെ നീ

**ഇന്നുഞാൻ നാളെ നീ, ഇന്നുഞാൻ നാളെ നീ**
**ഇന്നും പ്രതിധ്വനിക്കുന്നിതെന്നോർമയിൽ**

**പാതവക്കത്തെ മരത്തിൻ കരിനിഴൽ**
**പ്രേതം കണക്കെ ക്ഷണത്താൽ വളരവേ,**
**എത്രയും പേടിച്ചര ചില ശുഷ്ക–**
**പത്രങ്ങൾ മോഹം കലർന്നു പതിക്കവെ**
**ആസന്നമൃത്യവാം നിശ്ശേഷ്ടമാരുതൻ**
**ശ്വാസമിടയ്ക്കിടയ്ക്കാഞ്ഞു വലിക്കവേ,**
**താരക രത്നഖചിതമാം പട്ടിനാൽ**
**പാരമലംകൃതമായ വിൺപെട്ടിയിൽ**
**ചത്തപകലിൻ ശവം വച്ചെടുപ്പതി–**
**നാത്തമൗനം നാലുദിക്കുകൾ നിൽക്കവേ,**
**തൻപിതാവിൻ ശവപ്പെട്ടിമേൽ ചുംബിച്ചു**
**കമ്പിത ഗാത്രിയായന്തിമൂർച്ഛിക്കവേ,**
**ജീവിതംപോലെ മറ്റവും കാണാത്തൊ–**
**രാവഴിയിങ്കൽ തനിച്ചുഞാൻ നിന്നുപോയ്,**
**പക്ഷികൾ പാടിയില്ലാടിയില്ലാലില**
**യിക്ഷിതി തന്നെ മരവിച്ചപ്പോലെയായ്**

**– ജി. ശങ്കരക്കുറുപ്പ്.**

**കുട്ടികളെ ഗ്രൂപ്പുകളാക്കി**
**കവിതയുടെ പകർപ്പുകൾ**
**വിതരണം ചെയ്യണം.**

**കവിതയിലെ ആസ്വാദനാംശങ്ങൾ വെളിപ്പെടാനുതകുന്ന ചില ചോദ്യങ്ങൾ അധ്യാപികയ്ക്ക് കുട്ടികളോട് ചോദിക്കാം.**

**അധ്യാപികയ്ക്ക്**

*'പാതവക്കത്തെ മരത്തിൽ കരിനിഴൽ
പ്രേതം കണക്കെ ക്ഷണത്താൽ വളരവേ'
– കരിനിഴലിന്റെ വളർച്ച സൂചിപ്പിക്കുന്നതെന്ത്?

*ശുഷ്ക പത്രങ്ങൾ മോഹിച്ചുവീണതിന്
– കാരണമായി പറഞ്ഞതെന്താണ്?

*'പകലിന്റെ മരണ'ത്തിൽ പ്രകൃതിക്കുായ മാറ്റം
എപ്രകാരമാണ് കവി വിവരിച്ചിരിക്കുന്നത്?

* ജീവിതത്തെ രറ്റവും കാണാത്ത വഴിയായി
കൽപ്പിച്ചിരിക്കുന്നത് എന്തുകൊാവാം?

– ഈ കല്പനയ്ക്ക് സമകാലിക ജീവിതവുമായിട്ടുള്ള ബന്ധം.

* കരിനിഴൽ, ശുഷ്കപത്രങ്ങൾ, നിശ്ശേഷ്ടമാരുതൻ,
വിൺപെട്ടി മൗനം പൂദിക്കുകൾ, കമ്പിതഗാത്രിയായ
അന്തി ഇത്തരം പ്രയോഗങ്ങൾ പദങ്ങൾക്കപ്പുറമുള്ള
ആശയതലം ധ്വനിപ്പിക്കുന്നുാേ? എങ്ങനെയെല്ലാം?

**ഉത്തരങ്ങളിൽ നിന്ന്
ഗ്രൂപ്പ് ചർച്ചകളിലേക്കും പൊതു
ചർച്ചയിലേക്കും എത്തണം**

**നേരത്തെ സൂചിപ്പിച്ച ആസ്വാദനാംശങ്ങൾ ഉൾക്കൊ് ഇന്നുഞാൻ നാളെ നീ എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് വ്യക്തിപരമായി തയ്യാറാക്കുക.**

**ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ – പൊതുഅവതരണം.**

**അധ്യാപികയ്ക്ക് :
ഈ ഘട്ടത്തിൽ അധ്യാപിക മുൻകൂട്ടി
തയ്യാറാക്കിയ ആസ്വാദനക്കുറിപ്പിന്റെ
കോപ്പികൾ ഗ്രൂപ്പിൽ വിതരണം ചെയ്യണം.**

## പ്രവർത്തനം VI

താഴെകാണുന്ന ഗദ്യഭാഗത്തിന്റെ കോപ്പികൾ ഗ്രൂപ്പിൽ വിതരണം ചെയ്യുന്നു.

റെഡി മെയ്ഡ് ആഷസ്
“ഇതെന്ന പ്രമാദം! തിരുമ്പി വന്താച്ചാ?”
“അടുത്ത ഫ്ളൈറ്റിൽ ഇങ്കെ വന്തേൻ”
“പോന കാര്യം എപ്പടി ?”
“എല്ലാം മംഗളം. ചെന്നപ്പം എല്ലാരുമുായിരുന്നു. ഒക്കെ തയ്യാറായിരുന്നു. ചടങ്ങുനടത്തി. അതിനുഞ്ഞാൻ വേണമല്ലോ - സീമന്തപുത്രൻ!”
“മൂന്നാം അറ്റാക്ക് മാസീവ് താനാ?”
“കഴിഞ്ഞ പ്രാവശ്യം എന്നെപ്പറ്റിച്ചു. വെറുതെ വെപ്രാളപ്പെട്ട് ഓടിച്ചെന്നു. ചെന്നപ്പൊഴൊല്ലോ, ഇന്റൻസീവിന്നിറങ്ങി നടക്കുന്നു. കുട്ടിക്കുരങ്ങനെപ്പോലെ - വെറുതെ മൂവായിരം രൂപയും ചെലവാക്കി. കാര്യമൊന്നും നടന്നില്ല താനും. ഇത്തവണ സംഗതി ഉറപ്പു വരുത്തിയിട്ടേ ഞാനിവിടം വിട്ടൊള്ളു

(1/2 മിനിട്ട് മൗനം)

അച്ഛനായാലും മനുഷേരെ മെനക്കെടുത്തരുത്. ആനകൊടുത്താലും ആശകൊടുക്കുരുതെന്നാ പറയാറ്.”
“ചാണക വറളിയാ ചന്ദന വിറകാ?”
“എല്ലാം ഇപ്പൊ എലക്ട്രിക്. റെഡിമെയ്ഡ് ആഷസ്സും കിടച്ചു. ഇനി സ്വൈരമായി ജോലിചെയ്യാം. സഞ്ചയനം കിഞ്ചയനമെല്ലാം അഡ്വാൻസാക്കി. ക്രിമറ്റോറിയത്തിൽ ട്വൊന്റിഫൈവ് മിനിറ്റ്സ് നിൽകേിവന്നു. അവൻമാർക്ക് ഒന്ന് എയർ കീഷൻ ചെയ്തു വെക്കരുതോ ഒക്കെ തേർഡ് വേൾഡ് കൺട്രീസ്. അർ ഡെവലപ്പ്മെന്റ് എന്നു വേൾഡ് ബാങ്ക് പറയുന്നതു തെറ്റാണോ?

(1/2 മിനിട്ട് മൗനം)

ങ്ആ, നീ പോയി നേത്തിക്ക് വെയ്ത്ത ഫയലെല്ലാം കൊുവാ”.
“ഇനി .................. ഇനി പോക വേണമാ”
“ങ്ഉ, അന്ത കെളവിത്തളകൂടിയിറുക്ക്. നീ ശുമ്മാ വായ് മൂട്.”

ഗദ്യഭാഗത്തിലെ ആസ്വാദനങ്ങളും ആശയവും
ആഴത്തിൽ പരിശോധിപ്പിക്കാനുതകുന്ന
ചോദ്യങ്ങൾ അധ്യാപിക ചോദിക്കുമല്ലോ?

മുൻപ്രവർത്തനങ്ങളിലെ ആവശ്യമായ ഘടകങ്ങൾ പരിഗണിച്ചുകൊ് ഒരസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടേതാണ്.

(ഗൃഹപാഠം)

അവതരണം - മെച്ചപ്പെടുത്തൽ - പതിപ്പാക്കൽ

## പ്രവർത്തനം VII

## സമകാലിക കവിത

ക്ലാസ്സിനെ അഞ്ചു ഗ്രൂപ്പുകളാക്കി തിരിക്കുന്നു. താഴെകാണുന്ന കാവ്യഭാഗങ്ങളെഴുതിയ 'സ്ലിപ്പുകൾ' ഗ്രൂപ്പുകളിൽ വിതരണം ചെയ്യുന്നു

'എത്രകഴിഞ്ഞൂ കാലം! മെയ്യൂ
തളർന്നുതുടങ്ങീ, കൈയുകൾ നീട്ടി-
ച്ചുറ്റിലുമങ്ങനെ നിൽപൂ കൂട-
പ്പിറവികൾ പാറക്കെട്ടുകൾ പോലെ'

* * * * * * * * * *

'ഉൽക്കടമായി ചിരിച്ചുവത്രേ, ചിരി
നിൽക്കാതെ മണ്ണിൽ പതിച്ചുവത്രെ,
മണ്ണിലബോധം കിടക്കവേ കൺകളിൽ-
കണ്ണുനീരുായിരുന്നുവത്രെ'

* * * * * * * * * *

'മരുവുമെന്നാത്മാവുതന്നെയാരോ
പുരുമോദമാർന്നു വിളിച്ചീടുന്നു
പരിചിതമാണെനിക്കാമധുര-
സ്വര, മതിനുള്ളിലൊളിച്ചിരിപ്പൂ.'

* * * * * * * * * 

'ജനിച്ചതു കാട്ടിലായിരുന്നു,
ഒരു നായാടിയുടെ വായിൽ
വളർന്നതു മുക്കുവത്തിയുടെ കുടിലിലും,
എങ്കിലും പാട്ടല്ലാതെ ഒരു തൊഴിലുമറിയില്ല.'

* * * * * * * * * * * * 

'ഉന്നം തെറ്റാത്ത തോക്കിന്നു-
മായീലാ നിന്നെ വീഴ്ത്തുവാൻ
കേമന്മാരോമനിച്ചാലും
ചെവി വട്ടം പിടിച്ചു നീ.'

* * * * * * * * *

താഴെ കാണുന്ന സൂചകങ്ങളടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

- വരികൾ ആരുടെ ഏതു കവിതയിൽനിന്നാണ്?
- കാവ്യസന്ദർഭം ഏതാണ്?
- നിർദിഷ്ട വരികൾക്ക് കവിതയിലുള്ള പ്രസക്തി

– സൂചകങ്ങൾ അടിസ്ഥാനമാക്കി ഗ്രൂപ്പ് ചർച്ച.

– ഗ്രൂപ്പുകളുടെ അവതരണം.

സമകാലിക കവിതകളുടെ ആവർത്തനമാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. കവിതയിലെ ആശയതലം ചോർന്നു പോകാതെ അവതരണത്തെ സമ്പൂർണ്ണ മാക്കാൻ അധ്യാപിക ശ്രമിക്കണം.

## പ്രവർത്തനം VIII

എപ്പോഴെങ്കിലും നൂൽനൂറ്റിട്ടുണ്ടോ?
തോട്ടിയുടെ വി വലിച്ചിട്ടുണ്ടോ?
വെളുപ്പിനേയെണീറ്റ് അടുക്കളയിലെ–
പുകയേറ്റിട്ടുണ്ടോ?

കവിതാഭാഗം ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

* ഗാന്ധിജിയുടെ ഓരോ ചോദ്യങ്ങളുടേയും പൊരുളെന്താവാം?

വ്യക്തിഗതമായിക്കുറിക്കുന്നു.

ഗ്രൂപ്പിൽ പങ്കുവെച്ച് മെച്ചപ്പെടുത്തുന്നു.

### പൊതു അവതരണം

'സാഹിത്യം ജീവിതഗന്ധിയാവണം' എന്നതാണ് ഈ വരികളുടെ സന്ദേശം എന്ന് ക്രോഡീകരണത്തിൽ എത്തിച്ചേരുമല്ലോ?

പി. വത്സലയുടെ 'കാവൽ' എന്ന കഥ പരിചയപ്പെട്ടല്ലോ?

ഈ കഥയിലെ കേന്ദ്രാശയം – കഥാപാത്രങ്ങൾ സാമൂഹ്യാവസ്ഥ എന്നിവയിലൂന്നിക്കൊണ്ട് ഒരു ചർച്ച നടക്കാൻ ഈ ഘട്ടത്തിൽ അധ്യാപിക ശ്രദ്ധിക്കുമല്ലോ?

സാഹിത്യത്തെ സംബന്ധിച്ച് ഗാന്ധിജിയുടെ അഭിപ്രായം 'കാവൽ' എന്ന കഥയുമായി എത്രമാത്രം യോജിച്ചുപോകുന്നു്? നിങ്ങളുടെ നിരീക്ഷണം ഒരു കുറിപ്പായി എഴുതുക.

## പ്രവർത്തനം IX

താഴെ കാണുന്ന കാവ്യഭാവങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

"നീ തൊടും പൊട്ടിങ്ങനെ
വിയർപ്പിൽ കുതിരുമ്പോൾ
ശ്രീദേവിയായ
ജ്ഞാനസൂയാലു
നീയരഞ്ഞരഞ്ഞില്ലാ–
താവുന്നു ദിനം തോറും
സ്വീയമാം സൗന്ദര്യവും
നിറവും കുളുർമയും"
ചന്ദനം – ഒളപ്പമണ്ണ

കണ്ണെഴുതാറില്ല കുഞ്ഞേടത്തി
കണ്ണെഴുതിക്കാനേ നേരമുള്ളൂ
പൊട്ടുതൊടാറില്ല കുഞ്ഞേടത്തി
പൊട്ടുതൊടീക്കാനേ നേരമുള്ളൂ
(കുഞ്ഞേടത്തി – ഒ. എൻ. വി)

"പുലർച്ചക്കെണീറ്റിട്ട്
ശ്വാസം വിടാനേ കിടച്ചില്ല നേരം
അടിപ്പുംതുടപ്പുംഅലക്കുംനനപ്പും
വിരുന്നുവെപ്പും"
താരാട്ട് – സച്ചിദാനന്ദൻ

* കാവ്യഭാവം വായിക്കാനാവശ്യപ്പെടുന്നു.

* ഏതാനുംപേർക്ക് കാവ്യഭാവം പൊതുവായി അവതരിപ്പിക്കാൻ അവസരം നൽകുന്നു.

കാവ്യഭാഗത്തെ സാമാന്യാശയം കുട്ടിക്ക് ലഭിക്കുംവിധം ഏതാനും ചോദ്യങ്ങൾ ചോദിക്കുന്നു. ⟶ (പൊതുചർച്ച)

*ആരെപ്പറ്റിയാണ് കാവ്യഭാഗങ്ങളിൽ പരാമർശിക്കപ്പെടുന്നത്?

*"നീയരഞ്ഞരഞ്ഞില്ലാതാവുന്നു ദിനംതോറും" – ഈ വരികളിൽ സ്ത്രീയുടെ ഏതവസ്ഥയാണ് സൂചിപ്പിക്കുന്നത്?

*കണ്ണെഴുതാനും പൊട്ടുതൊടാനും നേരമില്ലാത്ത കുഞ്ഞേടത്തി കണ്ണെഴുതിക്കാനും പൊട്ട് തൊടീക്കാനും സമയം കണ്ടെത്തുന്നു. സ്ത്രീയുടെ ഏത് മനോഭാവമാണ് ഈ വരികളിൽ പ്രകടമാകുന്നത്?

* സ്ത്രീയുടെ അധ്വാനഭാരത്തെ സച്ചിദാനന്ദൻ എങ്ങനെയാണ് വിവരിച്ചിരിക്കുന്നത്.?

സ്ത്രീകൾ ഇന്നനുഭവിക്കുന്ന മറ്റു
സാമൂഹ്യപ്രശ്നങ്ങളിലേക്കുകൂടി ഉചിതമായ
ചോദ്യങ്ങളിലൂടെ അധ്യാപിക കുട്ടിയെ നയിക്കണം.

ചർച്ചയിൽ ഉയർന്നുവരുന്ന പ്രധാന വസ്തുതകൾ BBയിൽ രേഖപ്പെടുത്തുന്നു.

മുകളിൽകൊടുത്ത കാവ്യഭാവങ്ങളിലെ ആശയങ്ങൾകൂടി പരിഗണിച്ചുകൊ് 'സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ' എന്ന വിഷയത്തിൽ ഒരു പ്രസംഗം എഴുതി തയ്യാറാക്കുക. (വ്യക്തിഗതം) ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്തുന്നു.

## പ്രവർത്തനം X

ജനങ്ങളെ വളരെയധികം സ്വാധീനിക്കുന്ന ദൃശ്യപ്രധാനമായ കലാരൂപങ്ങളാണ് സിനിമയും നാടകവും. നിരവധി ക്ലാസ്സിക്കൽ നാടൻ കലാരൂപങ്ങളുടെ വിവധഘടകങ്ങളെ ഉൾക്കൊ കേരളീയ ക്ലാസ്സിക് ദൃശ്യകലയാണ് കഥകളി. ഈ കലാരൂപങ്ങളെ ആസ്വദിക്കാനും വിലയിരുത്താനുമുള്ള അവസരങ്ങളും പ്രവർത്തനങ്ങളും കുട്ടികൾക്ക് ക്ലാസ്സിൽ ലഭിച്ചിട്ടുാവും. അത് പുഷ്ടിപ്പെടുത്താനും ഉറപ്പിക്കാനുമുതകുന്ന ശ്രമങ്ങളാണ് ഇനി ഉ ാ വേ ത് .

- മലയാള സാഹിത്യകൃതികളിലും നാടകം, സിനിമ, തുടങ്ങിയ കലാരൂപങ്ങളിലുമുള്ള പ്രധാന കഥാപാത്രങ്ങളുടെ പേരുകൾ കുട്ടികൾക്ക് നൽകാം

പരീക്കുട്ടി, ഇന്ദുലേഖ, നളിനി, പഴശ്ശിരാജ,
കറുത്തമ്മ, സേതു, ജരിത, ഭ്രാന്തൻവേലായുധൻ,
വിദൂഷകൻ

സിനിമയിലെ കഥാപാത്രങ്ങൾ?
കവിതകളിൽ പരാമർശിക്കപ്പെടുന്ന കഥാപാത്രങ്ങൾ?
നോവലിലെ പ്രധാനകഥാപാത്രങ്ങൾ?
നോവലിലും അത് അടിസ്ഥാനമാക്കിയുള്ള സിനിമയിലും വരുന്ന കഥാപാത്രങ്ങൾ?

വർഗ്ഗീകരിക്കാൻ ആവശ്യപ്പെടാം

| സിനിമ | സിനിമ/നോവൽ | കവിത | നാടകം | കഥ |
|---|---|---|---|---|
| | | | | |

കുട്ടികൾ സ്വന്തമായും അധ്യാപികയുടെ സഹായത്തോടുകൂടിയും കഥാപാത്രങ്ങളെ തിരിച്ചറിയുകയും വിശദീകരിക്കുകയും ചെയ്യണം

സാഹിത്യ കൃതികളിലും സിനിമകളിലും
നാടകങ്ങളിലും അനശ്വരരായി ജീവിച്ച
കഥാപാത്രങ്ങളെ അധ്യാപികയ്ക്ക്
സ്മരിക്കാം

ഒരു സൃഷ്ടി നാം ആസ്വദിച്ചുകഴിയുമ്പോഴേക്ക് ചിലകഥാപാത്രങ്ങൾ നമ്മുടെ മനസ്സിൽ സ്ഥാനം പിടിച്ചിട്ടുാവും. ഒളിമങ്ങാത്ത ഈ കഥാപാത്രങ്ങൾ രചനയുടെ ഗതിയെ നിർണ്ണയിക്കുന്നവരായിരിക്കും. അവരുടെ വേഷം, ശബ്ദം, രൂപഭാവങ്ങൾ ഏതെങ്കിലും ഒന്ന് നമ്മുടെ ശ്രദ്ധകവർന്നിട്ടുാവും.

നാം പഠിച്ച ''മൂന്ന് പണ്ഡിതൻമാരും പരേതനായ സിംഹവും'' എന്ന നാടകത്തിലെ കഥാപാത്രങ്ങളെക്കുറിച്ച് നമുക്കൊന്ന് ആലോചിക്കാം. ഈ നാടകത്തിലെ കഥാപാത്രങ്ങൾ ആരൊക്കെ? അവരുടെ രൂപഭാവങ്ങൾ നാടകത്തിൽ അവർക്കുള്ള സ്ഥാനം.

പണ്ഡിതൻ – I
പണ്ഡിതൻ – II
പണ്ഡിതൻ – III
വിദൂഷകൻ
സിംഹം

–ഓരോ കഥാപാത്രത്തെയും വിശദീകരിക്കാം. 'അന്നത്തെ നാടക'ത്തിലെ വിദൂഷകനെ ഓർമ്മിക്കണം.

– ഈ നാടകത്തിലെ സിംഹം എന്തിന്റെ പ്രതീകമാണ് ? ഒരു കുറിപ്പെഴുതിയാലോ?

സൂചനകളിലൂടെ അധ്യാപികയ്ക്ക് കുട്ടിയെ ചർച്ചകളിലേക്ക് (ഉത്തരത്തിലേക്ക്) നയിക്കാം

അവൻ ഈ കാട്ടിൽ അലഞ്ഞു നടന്നു
കാനനശാന്തി തുലഞ്ഞു
ഇവിടെ ചരാചരസ്നേഹം മാഞ്ഞു
ഇണകൾ പിരിഞ്ഞുമരിച്ചു
ചോലകൾ ചോരയൊലിച്ചു ചുമന്നു
ചേലുകൾ കെട്ടുകരിന്തിരി കത്തി
തീർത്തു കാട്ടിൽ നാഗരികം.

ലോകശാന്തിയെ ഹനിക്കുന്ന ശക്തിയാണോ?
പ്രകൃതിയെ തകർക്കുന്ന നാഗരികതയുടെ ഉൽപ്പന്നമാണോ?
പ്രതിലോമ ശക്തിയുടെ പ്രതീകമാണോ?
പണ്ഡിതൻമാർ സിംഹത്തെ ഉണർത്തുന്നതിലൂടെ ശാസ്ത്രത്തെ ശിക്ഷകനാക്കുന്നുവോ?
കുട്ടികളുടെ അഭിപ്രായങ്ങളെയും ക്രോഡീകരിച്ചുകൊ് അധ്യാപിക സിംഹത്തിന് നാടകത്തിലുള്ള സ്ഥാനവും പ്രസക്തിയും കത്തെുന്നു.

സിംഹത്തിന്റെ രൂപവും അതിന്റെ സ്വഭാവവും തമ്മിൽ ബന്ധമുണ്ടോ?

## പ്രവർത്തനം XI

നാടകത്തിലും സിനിമയിലും കഥകളിയിലും കഥാപാത്രങ്ങളുടെ വേഷത്തിനും സ്വഭാവത്തിനും തമ്മിൽ ബന്ധമുണ്ടോ?

കഥകളിയിൽ കഥാപാത്രങ്ങളുടെ സ്വഭാവഗുണത്തിനനുസരിച്ചാണ് അവരുടെ വേഷം നിർണ്ണയിക്കപ്പെടുന്നത്.
കഥകളിയിലെ വേഷങ്ങളുമായി ബന്ധപ്പെട്ട് ഒരു ഗ്രൂപ്പ് തയ്യാറാക്കിയ പട്ടികയാണ് താഴെ കൊടുത്തിരിക്കുന്നത്. പട്ടികയിൽ ചില പിശകുകൾ ഉ്. അതുശരിയാക്കി ക്രമീകരിക്കുന്നതിന് കുട്ടികളെ സഹായിക്കാം.

| വേഷം | | സ്വഭാവസവിശേഷത | കഥാപാത്രം |
|---|---|---|---|
| എ | പച്ച | സ്ത്രീവേഷങ്ങളും മഹർഷിമാരും | നളൻ, ധർമപുത്രർ, അർജ്ജുനൻ |
| ബി | താടി | ക്രൂരസ്വഭാവികളായ തമോഗുണ കഥാപാത്രങ്ങൾ | ദുര്യോധനൻ രാവണൻ |
| സി | മിനുക്ക് | സത്വഗുണപ്രധാനമായ സൽ സ്വഭാവികൾ | ദമയന്തി ദുർവ്വാസാവ് |
| ഡി | കരി | നന്മയും തിന്മയും ഇടകലർന്ന രജോഗുണ കഥാപാത്രങ്ങൾ | ഹനുമാൻ |
| ഇ | കത്തി | സത്വഗുണ പ്രധാനികൾ | കാട്ടാളൻ, പൂതന, ശൂർപ്പണഖ |

**ഉത്തര സൂചിക**

പച്ച:- സത്വഗുണം, സൽസ്വഭാവികൾ - നളൻ, ധർമപുത്രർ, അർജ്ജുനൻ
കത്തി:- നന്മയും തിന്മയും ഇടകലർന്ന രജോഗുണ കഥാപാത്രങ്ങൾ - ദുര്യോധനൻ , രാവണൻ
കരി :- ക്രൂരസ്വഭാവികളായ തമോഗുണ കഥാപാത്രങ്ങൾ - കാട്ടാളൻ, പൂതന, ശൂർപ്പണഖ
താടി :- സത്വഗുണ പ്രധാനികൾ (വെള്ളത്താടി)-ഹനുമാൻ
മിനുക്ക് :- സ്ത്രീവേഷങ്ങളും മഹർഷിമാരും - ദമയന്തി, ദുർവ്വാസാവ്

## പ്രവർത്തനം XII

'കഥാപാത്രനിരൂപണം' തയ്യാറാക്കാനുള്ള ഒരു പ്രവർത്തനം നൽകാം

'ശകുനപ്പിഴ തവജനിത' ത്തിലെ കലിയുടെ രൂപഭാവങ്ങളും സ്വഭാവും വിലയിരുത്താം.
കലി എന്തിന്റെയെങ്കിലും പ്രതീകമാണോ?
നശീകരണലക്ഷ്യമുള്ള കഥാപാത്രമാണോ കലി?
സിംഹത്തിനും കലിക്കും തമ്മിൽ സാമ്യമുണ്ടോ?
കുട്ടികൾ വ്യക്തിഗതമായി കലിയുടെ കഥാപാത്ര നിരൂപണം തയ്യാറാക്കുന്നു.
തയ്യാറാക്കിയ നിരൂപണം രുമൂന്ന് കുട്ടികൾ അവതരിക്കുന്നു - പരസ്പരം വിലയിരുത്തുന്ന മാർഗ്ഗവും സ്വീകരിക്കാം

കഥാപാത്രം നിരൂപണത്തിൽ ശ്രദ്ധിക്കേത്

കൃതിയിൽ കഥാപാത്രത്തിനുള്ള സ്ഥാനം ഇതര കഥാപാത്രങ്ങളോടുള്ള പെരുമാറ്റം. ഇന്നത്തെ സമൂഹത്തിലുള്ളവരുമായി ബന്ധമുോ? സ്വന്തമായ അഭിപ്രായങ്ങൾ ഉചിതമായ ഭാഷ.

## പ്രവർത്തനം XIII

1. അവധിക്കാലം ഏറ്റവും ആഹ്ലാദം നിറഞ്ഞതാണ്. നിങ്ങളുടെ മനസ്സിലും അവധിക്കാലത്തെക്കുറിച്ചുള്ള ഓർമ്മകളുാകുമല്ലോ.

എന്തൊക്കെയാണ് നിങ്ങളുടെ മനസ്സിലുള്ള ഓർമ്മകൾ?

കുട്ടികൾ പറയുന്നു – ഉല്ലാസം – കളികൾ – കൂടിച്ചേരലുകൾ

അധ്യാപിക കവിതാഭാഗമെഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

വാടാതെയുന്നെുള്ളിൽ പുകാലത്തിൻ നീ
ചൂടാ മാസങ്ങളിൽ പൂവിട്ടൊരുല്ലാസങ്ങൾ!
.........................................................................
.........................................................................
തേക്കുകാരുടെ പാട്ടും അമ്മമാരുടെ നേരം–
പോക്കു,മാ നാടൻചക്കിൻ സ്നിഗ്ദ്ധമാം ഞരക്കവും!

– കവിതാഭാഗത്തിലെ പ്രതിപാദ്യം എന്താണ്?

– കോമാളിച്ചിരി, മന്ദാക്ഷം ഇവ സൂചിപ്പിക്കുന്നതെന്ത്?

– എന്തിന്റെ നൃത്തത്തേക്കുറിച്ചാണ് കവി പറയുന്നത്?

അധ്യാപിക കുട്ടികളെ ചർച്ചയിൽ സഹായിക്കുന്നു.

ചർച്ചാസൂചകങ്ങൾ:– കവിത–കവി–ഗ്രാമീണചിത്രങ്ങൾ–കാവ്യബിംബങ്ങൾ തുടങ്ങിയവ.

കുട്ടികൾ ആശയങ്ങൾ ക്രമീകരിച്ചുപറയുന്നു.

ആശയം അവതരിപ്പിക്കുന്നു. വിലയിരുത്തുന്നു. തുടർന്ന് അധ്യാപിക മറ്റൊരു കവിതാഭാഗം പരിചയപ്പെടുത്തുന്നു.

തുരുതുരെകൊക്കു പറക്കും പാടങ്ങൾ,
തുടരണിമണി കിലുങ്ങും മേടുകൾ,
മുടിവിടുർത്താടും കവുങ്ങുതെങ്ങുകൾ–
ക്കിടയ്ക്കു പുഞ്ചിരിപൊഴിക്കും വീടുകൾ,
പരക്കെ മാമ്പൂവാം നിരത്തുകൾ നാട്ടിൻ–
പുറത്തെ സ്വപ്നം കഴെും നഗരികൾ,
ഉടനുടനോടിയടുക്കട്ടേ, ചുറ്റും
നടനം ചെയ്യട്ടേ, പഴയ കൂട്ടുകാർ

(ആസ്സാം പണിക്കാർ) (വൈലോപ്പിള്ളി ശ്രീധരമേനോൻ)

കവിതാഭാഗം ചൊല്ലുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

- പാടങ്ങൾ, മേടുകൾ ഇവയെ കവി വിശേഷിപ്പിക്കുന്നതെങ്ങനെ?
- നഗരങ്ങൾ സ്വപ്നം കാണുന്നതെന്തിനെയാണ്?
- കാവ്യഭാഗത്തിലെ ആശയം എന്താണ്?

കുട്ടികൾ ആശയം ഗ്രൂപ്പായി ചർച്ചചെയ്യുന്നു അവതരിപ്പിക്കുന്നു.

- ര് കാവ്യഭാഗങ്ങളിലും പൊതുവേയുള്ള ആശയമെന്ത്?
- കൂട്ടുകാർ, തെങ്ങുകൾ ഇവ രുകവിതകളിലും അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് എങ്ങനെയാണ്?

കുട്ടികൾ കവിതാഭാഗങ്ങളിലെ ആശയം താരതമ്യം ചെയ്തു പറയുന്നു. അധ്യാപികയുടെ സഹായത്തോടെ മെച്ചപ്പെടുത്തുന്നു. വീും ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു.

(ചർച്ചാസൂചകങ്ങൾ :- ഗ്രാമീണ ചിത്രങ്ങൾ, കാവ്യബിംബങ്ങൾ, അനുഭവങ്ങൾ, കാലഘട്ടം, സാമ്യം, വ്യത്യാസം തുടങ്ങിയവ)

ചോദ്യം :- കവിതാഭാഗങ്ങൾ പരിചപ്പെട്ടുവല്ലോ രു കവിതാഭാഗങ്ങളും താരതമ്യം ചെയ്ത് കുറപ്പെഴുതുക.

## പ്രവർത്തനം XIV

മനുഷ്യജീവിതത്തെ തന്റെ അഞ്ചിന്ദ്രിയങ്ങളുംകൊ് നോക്കി കാണുന്നവനല്ലേ കവി. നൂറ്റാുകൾക്കുമുമ്പ് ജീവിച്ചിരുന്നൊരു കവി ജീവിതത്തെ തൊട്ടറിഞ്ഞ ചില വരികൾ നമുക്കു പരിചയപ്പെടാം.

കൊഞ്ചിക്കൊു വളർന്നൊരു പൈതലേ
കഞ്ഞിക്കില്ലാഞ്ഞു വിൽക്കുന്നിതു ചിലർ
അമ്മയ്ക്കും പുനരച്ഛനും ഭാര്യയ്ക്കും
ഉണ്മാൻ പോലും കൊടുക്കുന്നില്ല ചിലർ
അഗ്നിസാക്ഷിയായൊരു പത്നിയെ
സ്വപ്നത്തിൽ പോലും കാണുന്നില്ല ചിലർ

ജ്ഞാനപ്പാന — പൂന്താനം

കവിത ഭാവതീവ്രതയോടെ അവതരിപ്പിക്കുന്നു. വിശകലനചോദ്യങ്ങൾ ഉന്നയിക്കുന്നു. ലഘുചർച്ചയിലേക്ക് നയിക്കുന്നു.

സൂചകങ്ങൾ:–

* മനുഷ്യമനസ്സിൽനിന്ന് സ്നേഹം നഷ്ടമാകുന്നതായി നിങ്ങൾക്കു തോന്നുന്നുേ‍ാ?

* ഉങ്കെിൽ അത്തരം അനുഭവങ്ങൾ പറയുകയോ കുറിച്ചു നൽകുകയോ ചെയ്യുക.

* ആർദ്രത നഷ്ടപ്പെട്ട് നമ്മുടെ മനസ്സുകൾ ഊഷരമായിപ്പോകുന്നുവോ? ഈ ആശയമുള്ള വരികൾ “പഥികന്റെ പാട്ട്” എന്ന കവിതയിൽനിന്ന് കെത്തുക?.

വരികൾ ചാർട്ടിൽ രേഖപ്പെടുത്താം?

കരളിന്റെ സഞ്ചിയിലാർദ്രതൻ ചെറു–
കണികയുമില്ലാതെയായ്കഴിഞ്ഞു.

കുട്ടികൾ കവിത രേഖപ്പെടുത്തുന്നു.

അധ്യാപിക കൃത്യമായ ചോദ്യങ്ങളിലൂടെ ചർച്ച നയിക്കുന്നു.

* സ്നേഹം നഷ്ടപ്പെട്ടതാണോ ഇന്നത്തെ സമൂഹത്തിന്റെ പ്രധാന പ്രശ്നം.

* സ്നേഹം നഷ്ടപ്പെടുന്ന സമൂഹത്തിന് എന്തെല്ലാം സങ്കീർണ്ണതകളെ

അഭിമുഖീകരിക്കേിവരും? യുദ്ധം/അധിനിവേശം/സാംസ്കാരികാപചയം എന്നീ ആശയങ്ങളിലേക്ക് കുട്ടികളെ നയിക്കണം.

അങ്ങനെയെങ്കിൽ താഴെപറയുന്ന വരികൾ നമുക്ക് വായിക്കാം.

കുളിരും മണവും കലർന്നൊരുതെന്നലിൻ
തെളികൊതിച്ചെരിപൊരികൊൾവൂഞ്ഞങ്ങൾ
കൊലനിലത്തിങ്കലെച്ചോരതൻ പാഴ്മണം
കലരുന്ന കാറ്റേ വരുന്നതുള്ളു.

ചർച്ചാ സൂചകങ്ങൾ:–

*കവിതയുടെ ഉള്ളടക്കം.

*സമകാലിക ജീവിതവുമായുള്ള ബന്ധം.

*

*

അധ്യാപികയോട്

– സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ച മുന്നോട്ട് നയിക്കണം.

– ജി യുടെ 'പഥികന്റെ പാട്ട്' വായിച്ചവതരിപ്പിക്കുന്നു.

– വിശകലനം ചെയ്യുന്നു.

– നേരത്തെ വിശകലനം ചെയ്ത വരികളുടെ അടിസ്ഥാനത്തിൽ ആശയങ്ങൾ താരതമ്യം ചെയ്ത് ഉപന്യാസം തയ്യാറാക്കുന്നു.

* ആശയങ്ങളുടെ ക്രമീകരണം.

* ശൈലി/ഘടന/ഭാഷ.

**അധ്യാപികയ്ക്ക്**

വിദ്യാർത്ഥികൾക്കാവശ്യമായ കൈത്താങ്ങ് നൽകണം. ആവശ്യമെങ്കിൽ മറ്റ് സഹായ സാമഗ്രികൾ കൂടി ഉപയോഗിച്ച് ഉപന്യാസം സമ്പുഷ്ടമാക്കാം.

## പ്രവർത്തനം XV

ഉലകത്തിന്റെ സർഗ്ഗകാലം മുതൽക്കൊന്നിലു-
മുലയാതെ മേവുന്ന മോഹനാതൻ
ഗഗന കൂടാരം തുറന്നു നീ നോക്കുകൊ-
ന്നകലെയെങ്ങാനും പ്രഭാതമുദോ?
നിരുപമസ്നേഹത്തിൻ ചിറ്റോളമോലുന്ന
നിറവെഴും പൊയ്കയെങ്ങാനുംമുദോ?
തളരുമെന്നൊട്ടകത്തിന്നിളവേകുവാൻ
തഴമരുപ്പച്ചയില്ലെങ്ങുമെന്നോ.

ജി.

വരികൾ BBയിൽ രേഖപ്പെടുത്തുന്നു.
ഈ കാവ്യഭാഗത്തിന്റെ പ്രമേയം കുട്ടികൾ പറയുന്നു.
ധാരണകൾ – ക്രോഡീകരണം.

ലോകത്ത് സ്നേഹം കുറഞ്ഞുവരുന്നു.

നിസ്വാർത്ഥമായ സ്നേഹം നഷ്ടപ്പെട്ടുകൊായേിരിക്കുന്നു.

സ്നേഹത്തിന്റെ തണലുമാകുന്നു നമുക്ക്.

എന്നീ രീതിയിൽ ആശയങ്ങൾ ക്രോഡീകരിക്കാം. കവിയുടെ സ്നേഹ സങ്കല്പം.

* സ്നേഹിക്കയുണ്ണീ നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തേയും

ആശാൻ

* സ്നേഹമാണഖില സാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം

ആശാൻ

* സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും

വയലാർ

വരികൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
കുട്ടികൾ വായിക്കുന്നു ആശയധാരണകൾ ക്രോഡീകരിക്കുന്നു.
അധ്യാപിക കൈത്താങ്ങ് നൽകണം.

സ്നേഹത്തെക്കുറിച്ചുള്ള വ്യത്യസ്ത കവികളുടെ കാഴ്ചപ്പാടുകളാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. ഈ വരികളുടെ വെളിച്ചത്തിൽ ജി യുടെയും കവികളുടെയും സ്നേഹസങ്കല്പം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## പ്രവർത്തനം XVI

അരങ്ങിലെ നടന്റെയും തിരശ്ശീലയിലെ താരത്തിന്റെയും ബന്ധവൈരുദ്ധ്യങ്ങൾ സ്വാഭാവികമായും അതതുമാധ്യമങ്ങളുടെ പ്രത്യേകതകളെതന്നെ ആശ്രയിച്ചിരിക്കുന്നു.
സ്റ്റേജിലെ നടൻ നാടകകൃതിയുടെ അനുഭവസംവാഹകനാണ്.
ചലച്ചിത്രത്തിന്റെ നിർമ്മാണരീതി സശ്രദ്ധം വീക്ഷിക്കുന്ന ഒരാൾക്ക് രസകരമായ ഒരു സത്യം വ്യക്തമാവും – ഈ മാധ്യമം നടനെ അത്ര കാര്യമായെടുത്തിട്ടില്ല.
(സിനിമയുടെ ലോകം – അടൂർ)
മുകളിൽ കൊടുത്തിരിക്കുന്ന ഭാഗം വായിച്ചുവല്ലോ?
– ഏതെല്ലാം ദൃശ്യമാധ്യമങ്ങളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നു.
– രസകരമായ സംഭവം എന്നുപറയുന്നതെന്തിനെയാണ് ? എന്തുകൊാവാം?
കുട്ടികൾ ആയങ്ങൾ കത്തെട്ടെ. നാടകം, സിനിമ എന്നിവയിൽ നടന്റെ സ്ഥാനം വിശദമാക്കട്ടെ
– വിദ്യാർത്ഥികളെ ഗ്രൂപ്പുകളാക്കുക. നാടകം, സിനിമ എന്നിവയിലെ നടന്റെ അഭിനയത്തിന്റെ പ്രത്യേകതകൾ വിവിധ ഗ്രൂപ്പുകൾ കത്തെട്ടെ. ഇതിനായി അഭിനയത്തിന്റെ അതിരുകൾ എന്ന പാഠഭാഗം നൽകാം.
എന്തെല്ലാം കാര്യങ്ങൾ കുട്ടികൾ കത്തെണം?

– അഭിനയത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

– നടന് അഭിനയത്തിൽ എത്രത്തോളം സ്വാതന്ത്ര്യമു്?

– പ്രേക്ഷകന്റെ സ്ഥാനം (ദൃശ്യം, ദൂരം, ദൃശ്യങ്ങളുടെ വ്യത്യാസം തുടങ്ങിയവ) എന്ത്?

– സാങ്കേതിക സഹായം എത്രത്തോളം സ്വാധീനിക്കുന്നു. (ശബ്ദദായകർ, ക്യാമറ, വെളിച്ചം സംഗീതം തുടങ്ങിയവ)

– അഭിനയം വിലയിരുത്തുന്നതാര് – പ്രേക്ഷകനോ, സംവിധായകനോ?

സിനിമയിലെ നടൻ, നാടകത്തിലെ നടൻ എന്നിവരെക്കുറിച്ച് കത്തെിയ കാര്യങ്ങൾ വിവിധ ഗ്രൂപ്പുകൾ ക്രമമായി അവതരിപ്പിക്കട്ടെ. ര് ചാർട്ടുകളിൽ ഈ ആശയങ്ങൾ കുട്ടികൾ തന്നെ എഴുതട്ടെ.

ചോദ്യം : സിനിമയിലേയും നാടകത്തിലേയും നടനെ പരിചയപ്പെട്ടുവല്ലോ. സിനിമയിലെയും നാടകത്തിലെയും നടന്റെ സ്ഥാനം വിശകലനം ചെയ്ത് ലഘു ഉപന്യാസം തയ്യാറാക്കുക.

## പ്രവർത്തനം XVII

ഈ രാജ്യത്തിന്റെ വടക്കേയറ്റത്ത് നമ്മുടെ നൂലാമാലകളിൽ നിന്നെല്ലാം പിൻവാങ്ങി ഉയർന്നങ്ങനെപോയി മേഘവീഥിയേയും പിന്നിട്ട് മാനസസരസ്സിലെ ഹംസങ്ങളുമായി ബ്രഹ്മാണ്ഡതത്വങ്ങളെക്കുറിച്ചാലോചിച്ചങ്ങനെ നിൽക്കുന്ന ഹിമവാനെകാണുമ്പോൾ ഇന്ത്യയുടെ അദ്ധ്യാത്മികസമ്പത്താകെ ഒരിടത്തു കൂമ്പാരം കൂട്ടിയതുപോലെ തോന്നും.

ആര്യദ്രാവിഡ ബന്ധത്തോടു ചുറ്റിപ്പിണഞ്ഞു കിടക്കുന്ന പുരാണത്തിൽനിന്ന് നായികാനായകൻമാരുടെ കാമനിവർത്തിതമായ പ്രണയത്തെ മോചിപ്പിച്ച് സാത്വികതയുടെ പരകോടിയോളം എത്തിക്കുക എന്നതായിരുന്നു ആശാന്റെ ഉന്നം

– ഒറ്റനോട്ടത്തിൽ (ജോസഫ് മുണ്ടശ്ശേരി)

വിദ്യാർത്ഥികൾ മുകളിൽകൊടുത്തിരിക്കുന്ന ഭാഗം വായിക്കട്ടെ.

– ആദ്യഭാഗത്ത് ഏതു പർവ്വത്തെക്കുറിച്ചാണ് പറയുന്നത്?

– ഹിമാലയത്തിന്റെ ഏതെല്ലാം പ്രത്യേകതകൾ ഇവിടെ പറയുന്നു്?

– കുമാരനാശാന്റെ ഏതു കൃതിയേക്കുറിച്ചാണ് ഇവിടെ പറയുന്നത്?

– നായികാനായകന്മാർ ആരെല്ലാമാണ്?

വിദ്യാർത്ഥികൾ ആശയങ്ങൾ കത്തെുന്നു. അവതരിപ്പിക്കുന്നു. അധ്യാപകൻ വേ വിശദീകരണങ്ങൾ നൽകുന്നു.

– ഹിമാലയത്തിന്റെ ഔന്നത്യം, ചിന്ത എന്നിവ സൂചിപ്പിക്കുന്ന തെങ്ങനെയാണ്?

– ഹിമവാന്റെ ഒന്നത്യം ലേഖകൻ കാണുന്നതെങ്ങനെയാണ്?

– നൂലാമാല, മേഘവീഥിയേയും പിന്നിട്ട അദ്ധ്യാത്മികസമ്പത്ത് എന്നിവ നൽകുന്ന സൂചനകൾ ഏവ?

'വിന്ധ്യഹിമാലയങ്ങൾക്കിടയിൽ' എന്ന പാഠത്തിലെ ആദ്യഭാഗം കുട്ടികൾ ഗ്രൂപ്പുകളായി വായിക്കട്ടെ. ഹിമവാനെ ലേഖകൻ കാണുന്നതെങ്ങനെ എന്ന് കത്തെട്ടെ.

(സൂചകങ്ങൾ :– ഹിമാലയം പൗരാണിക സംസ്കാരത്തിന്റെ പ്രതീകമാണ് – കാളിദാസകൃതികളിൽ പരാമർശിക്കപ്പെടുന്നു– ഒരേ സമയം പർവ്വതവും മനുഷ്യനും പിതാവുമാണ് – ഇന്നും പഴയ കാഴ്ചകൾ അവിടെനിലനിൽക്കുന്നു. നളിനി എന്ന കാവ്യത്തിലും പരാമർശിക്കപ്പെടുന്നു.)

കത്തെിയ ആശയങ്ങൾ അവതരിപ്പിക്കുന്നു.

അധ്യാപകൻ താഴെ കാണുന്ന ഭാഗം ചാർട്ടിലെഴുതിയ ഭാഗം പ്രദർശിപ്പിക്കുന്നു.

ഉപനിഷത്തെന്നു കേൾക്കുമ്പോൾ അറിയുന്ന വരുടെ മനസ്സിൽ പർവ്വതരാജനായ ഹിമാലയ ത്തിന്റെ ചിത്രം താനേ ഉയർന്നു വരുന്നു. വ്യോമം ഭേദിച്ച ഹിമാലയത്തിന്റെ താഴ്വരകളിൽനിന്നും സമതലങ്ങളിൽ നിന്നുമാണ് ഈ രാം ഹിമാലയം ഉായത്. തന്നെക്കാൾ ഉയരമുള്ള ഒരു മകളുടെ അച്ഛനായെന്നതാണ് ഹിമാലയ ത്തിന്റെ ഏറ്റവും വലിയ ഉയരമെന്ന് കാളിദാസൻ വീമ്പിളക്കി. ഉപനിഷത്ത് ഹിമാലയത്തേയും കവിഞ്ഞ് ഉയർന്ന് നിൽക്കുന്നു.

തത്ത്വമസി (സുകുമാർ അഴീക്കോട്)

– എന്തിനെയാണ് രാം ഹിമാലയമെന്ന് വിളിക്കുന്നത്?

– ഹിമാലയത്തിന്റെ ഏറ്റവും വലിയ ഉയരമെന്ന് ലേഖകൻ കരുതുന്നതെന്ത്?

സൂചനകൾ വിദ്യാർത്ഥികൾ കത്തെുന്നു.

ആത്മാവിന്റെ ഹിമാലയം എന്ന പാഠം കുട്ടികൾ ഗ്രൂപ്പുകളായി വായിക്കുന്നു.

ആശയങ്ങൾ കത്തെുന്നു.

– ഹിമാലയത്തിന്റെ പ്രത്യേകതകളായി ലേഖകൻ കാണുന്നതെന്തെല്ലാം?.

– രാം ഹിമാലയമെന്ന വിശേഷണം വിശദീകരിക്കുക?.

– കുമാരസംഭവത്തിൽ ഹിമാലയത്തിനുള്ള സ്ഥാനം?

കത്തെിയ ആശയങ്ങൾ അവതരിപ്പിക്കണം.

ജോസഫ് മുശ്ശേരി, സുകുമാർ അഴീക്കോട് എന്നിവരുടെ ആശയങ്ങൾ താരതമ്യം ചെയ്യുന്നു. സാഹിത്യകൃതികൾ, ഭാരതീയ സംസ്കാരം, ഉപനിഷത്ത് എന്നിവയിൽ ഹിമാലയത്തിന്റെ സ്ഥാനം കത്തെുന്നു.

ചോദ്യം :– സാഹിത്യകൃതികളിൽ പരാമർശിക്കപ്പെടുന്നതുപോലെ അധ്യാത്മിക സ്ഥാനവും ഹിമാലയത്തിനു്. ജോസഫ് മുശ്ശേരി, സുകുമാർ അഴീക്കോട് എന്നിവരുടെ ആശയങ്ങൾ വിശകലനം ചെയ്ത് ഒരു കുറിപ്പുതയ്യാറാക്കുക.

## പ്രവർത്തനം XVIII

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചുനോക്കുക.

അകലെ കരിമേഘങ്ങൾ, കാട്ടുപോത്തിന്റെ പറ്റം മേയുന്ന കടുംനീല മല, ഋതുസുന്ദരികൾ മാറിമാറിവന്നു കൂടാരമടിക്കുന്ന പച്ചത്താഴ്വര, കുന്നിൻ ചെരുവിലെ വെൺകളിവീടുകൾ, കൊറ്റിയും കുളക്കോഴിയും മൺമറഞ്ഞ മലനാടിന്റെ കഥപറയുന്ന പുഞ്ചവയൽ.........., കൊഴിഞ്ഞുവീണ പൂക്കാലം ഓർക്കുന്ന താമരക്കുളം, ജീവിതമരണങ്ങളുടെ തോളിൽ കൈവെച്ചുചിരിച്ചുനിൽക്കുന്ന അന്തിനക്ഷത്രം.

– കവിയുടെ കാൽപ്പാടുകൾ

– പി കുഞ്ഞിരാമൻനായർ

ഞാൻ അറുപതുകൊല്ലം ജീവിച്ചു, ജീവിതം എന്നെ താലോലിക്കുകയും തല്ലുകയും ചെയ്തു. എന്റെ നേർക്കു പീലിക്കണ്ണും നരിക്കണ്ണും കാണിച്ചു. വളകിലുക്കവും ചങ്ങലക്കിലുക്കവും കേട്ടു. ഞാൻ നടന്നു. പീലിക്കുട നിവർത്തിയ തൈതെങ്ങുകൾ, പഞ്ചാരമണൽ വിരിച്ച പാത, മുരളിവായിക്കുന്ന മുളങ്കൂട്ടങ്ങൾ, താളിലക്കുമ്പിളിൽ കള്ളവെൺ മുത്തുപോലെ ഉരുു കളിക്കുന്ന വെള്ളത്തുള്ളികൾ, നിഴലുകളിലേക്ക് മലർ വിതറുന്ന വെളിച്ചം.

– എം. ആർ. ബി. യുടെ ഉപന്യാസങ്ങൾ

– എം. ആർ. ബി.

കുട്ടികൾ ഗദ്യഭാഗങ്ങൾ വായിക്കുന്നു

– ര് സാഹിത്യകാരന്മാരും പ്രകൃതിയെ വർണ്ണിക്കുന്നതെങ്ങനെ?

– നീലമല, താഴ്വര, വയലുകൾ, താമരക്കുളം, നക്ഷത്രം, തൈത്തെങ്ങുകൾ, മുളങ്കൂട്ടം, വെള്ളത്തുള്ളി, വെളിച്ചം ഇവ വിശേഷിപ്പിക്കപ്പെടുന്നതെങ്ങനെ?.

– പീലിക്കണ്ണ്, നരിക്കണ്ണ്, വളകിലുക്കം, ചങ്ങലക്കിലുക്കം ഇവ സൂചിപ്പിക്കുന്നതെന്ത്?

– വർണ്ണനകളിലെ സാമ്യം, ഭാഷാരീതി, വർണ്ണന എന്നിവ വിശകലനം ചെയ്യുക.

കത്തിെയ ആശയങ്ങൾ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു.

ചോദ്യം :– കവിതപോലെ മനോഹരമാണ് ഗദ്യവും ഈ അഭിപ്രായത്തോട് യോജിക്കുന്നുോ? മുകളിൽ കൊടുത്തിരിക്കുന്ന ഗദ്യഭാഗങ്ങളിലെ ആശയങ്ങൾ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

## പ്രവർത്തനം XIX

ഒരു കുട്ടിയെഴുതിയ ഡയറിക്കുറിപ്പിന്റെ ഭാഗം ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

മലയാള പിരിഡ് ടിച്ചർ കത പടിപ്പിച്ചു ലോകവസാനം എന്നാണ് കതയുടെ പേര് നല്ല രസമുള്ള കതയായിരുന്നു. വലിയ ഒരു ജീവിയുടെ കതയായിരുന്നു. ഒരു കുട്ടിയും സർക്കസുകാരും കതയിലു്. ബൂമി പിളരുന്നത് തൊട്ട് കത തീരും വരെ ആരും കത സ്രതിച്ച് കേൾക്കും വല്യ ജീവിയുടെ ചെറിയ മനസും ചെറിയ കുട്ടിയുടെ വല്യ മനസും ഈ കതയെ നല്ല കതയാക്കുന്നു എന്ന് ടിച്ചർ പറഞ്ഞു.

- ഒന്നോ രോ കുട്ടികളോട് വായിക്കാൻ നിർദേശിക്കുന്നു.
- അക്ഷരത്തെറ്റുകൾ കാണുന്നുാേ?
- അക്ഷരത്തെറ്റുകൾ മാത്രമാണോ കാണുന്നത്?
- ഗ്രൂപ്പിൽ അക്ഷരത്തെറ്റുകൾ തിരുത്തി വാചകം മെച്ചപ്പെടുത്തി എഴുതാൻ അവസരം നൽകുന്നു.
- ഒന്നോ രോ കുട്ടികൾ എഴുതിയത് വായിക്കട്ടെ.
- മെച്ചപ്പെടുത്തിയത് ചാർട്ടിൽ/ BBയിൽ എഴുതാൻ അവസരം നൽകണം.

'ലോകവസാനം' എന്ന കഥ ക്ലാസ്സിൽ അവതരിപ്പിച്ച ദിവസത്തെ അനുഭവം ഡയറിക്കുറിപ്പായി എഴുതിവരാൻ നിർദ്ദേശിക്കേതാണ്.

താഴെ പറയുന്ന ഭാഗം മറ്റൊരു ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

നിറംമങ്ങിയ കുട്ടികളുടെ ബാല്യകാലത്തിന്റെയും ആഗ്രഹ നഷ്ടങ്ങളുടെയും നേരാവിഷ്ക്കാരമാണ് കാവൽ, നിന്റെ ഓർമ്മയ്ക്ക് എന്നീ ര് കഥകൾ മൂതിർന്ന പ്രായമായവർ തിരിച്ചറിയപ്പെടാതെ പോകുന്ന ഇളം മനസ്സുകളുടെ വേദന കാവൽ, നിന്റെ ഓർമ്മയ്ക്ക് എന്നീ ര് കഥകളിലും തങ്ങി നിൽക്കുന്നു്.

- ഈ ഖണ്ഡികയുടെ ഘടനയിൽ എന്തെങ്കിലും അപാകതയുാേ?
- ഒഴിവാക്കപ്പെടേതായോ കൂട്ടിച്ചേർക്കേതായോ എന്തെങ്കിലുമുാേ?
- ഗ്രൂപ്പിൽ മെച്ചപ്പെടുത്തിയെഴുതാൻ അവസരം നൽകുന്നു.
- ര് ഗ്രൂപ്പുകാർ വായിക്കട്ടെ
- മെച്ചപ്പെടുത്തിയത് ഒരു കുട്ടിയെകൊ് ചാർട്ടിൽ/BBയിൽ എഴുതിക്കണം.

എന്തുകൊാണ് എഴുതുമ്പോൾ തെറ്റുകൾ സംഭവിക്കുന്നത്. (ലഘുചർച്ച) ക്രോഡീകരണം.

- ആശയധാരണ ഇല്ലായ്മ
- വാക്യധാരയില്ലായ്മ
- അക്ഷരധാരണയില്ലായ്മ
- അശ്രദ്ധ
- ആശങ്ക
- ധൃതി

എഡിറ്റിംഗ് നടത്തുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം (ലഘുചർച്ച)

ക്രോഡീകരണം.

- വാചകഘടനയിലെ പിഴവുകൾ പരിഹരിക്കണം.
- ഒരേ അർത്ഥമുള്ള പദങ്ങളുടെ ആവർത്തനം ഒഴിവാക്കണം.
- വലിയ വാചകങ്ങൾ യോജ്യമായ രീതിയിൽ മുറിച്ചെഴുതാവുന്നതാണ്.
- അപൂർണ്ണ വാക്യങ്ങളിൽ കൂട്ടിച്ചേർക്കലുകൾ ആകാവുന്നതാണ്.
- ആവശ്യമായ ചിഹ്നങ്ങൾ ചേർക്കാൻ മറക്കരുത്.

– വാചക ഘടനയിലെ പിഴവുകൾ പ്രയോഗഭാഷയുമായി ചേർത്തുവെച്ച് പരിഹരിക്കേ താണ്.

അധ്യാപികയോട് :–

എഴുതുമ്പോൾ (പരീക്ഷയുൾപ്പെടെ) പൊതുവെ ശ്രദ്ധിക്കേ കാര്യങ്ങളെക്കുറിച്ച് ധരിപ്പിക്കാവുന്നതാണ്.

– ആശയങ്ങളെ ക്രമീകരിച്ച് എഴുതണം.

– ഒരേ ആശയമുള്ള പദങ്ങളും വാചകങ്ങളും ആവർത്തിക്കരുത്.

– കൂടുതൽ വാചക മാതൃകകൾ പരിചയപ്പെടുത്തുകയും പകർത്തിയെഴുതുകയും വേണം.

– അക്ഷരത്തെറ്റുവരാൻ സാധ്യതയുള്ള പദങ്ങൾ പട്ടികപ്പെടുത്തി കുട്ടികളെ പരിചയപ്പെടുത്താവുന്നതാണ്.

– സമയബോധം പാലിച്ച് എഴുതാൻ ശീലിക്കണം.

ഖണ്ഡികകൾ തിരിക്കേതിന്റെ മാനദണ്ഡം കുട്ടികളെ ചർച്ചയിലൂടെ ധരിപ്പിക്കാവുന്നതാണ്.

– എഴുത്തിൽ സൂക്ഷ്മത പാലിച്ചാൽ അക്ഷരത്തെറ്റുകളും ആശയത്തെറ്റുകളും ഒഴിവാക്കാവുന്നതാണെന്നും കുട്ടികളെ ധരിപ്പിക്കണം.

## പ്രവർത്തനം XX

കുട്ടികളുടെ ജീവിത പ്രശ്നങ്ങളെ തുറന്നു കാണിക്കുന്ന ധാരാളം ചിത്രങ്ങൾ നമ്മൾ കിട്ടു്. ബാലവേല പ്രമേയമായി വരുന്ന ഒരു ഹ്രസ്വ ചിത്രം നമ്മൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. എന്തെല്ലാം മുന്നൊരുക്കങ്ങൾ ആവശ്യമാണ്.

– സംവിധായകൻ

– തിരക്കഥ

– ക്യാമറ

– ലൊക്കേഷൻ തുടങ്ങിയവ

മേൽ പറഞ്ഞ ചിത്രത്തിന്റെ തിരക്കഥ തയ്യാറാക്കുന്നത് നമ്മളാണെങ്കിൽ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കേ തു്.

* ചർച്ച

ക്രോഡീകരണം

– മികച്ച ഒരു പ്രമേയം തെരഞ്ഞെടുക്കണം.

– ചിത്രീകരണ യോഗ്യമായിരിക്കണം.

– കഥാപശ്ചാത്തലത്തെക്കുറിച്ചും കഥാപാത്രങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ ഉായിരിക്കണം.

– സംഭാഷണങ്ങളില്ലാതെയും തിരക്കഥ എഴുതാവുന്നതാണ്.

– സീനുകളായിട്ടുവേണം എഴുതേത്.

– ഷോട്ടുകളെ കുറിച്ചുള്ള സൂചന തിരക്കഥയിൽ വരേതാണ്.

- കഥയുടെ വളർച്ച ഉറപ്പു വരുത്തുന്നതരത്തിലാവണം സീനുകൾ എഴുതേണ്ടത്.

നമ്മൾ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ചിത്രത്തിന്റെ ഒരുസീൻ ഇപ്പോൾ എഴുതി തയ്യാറാക്കുക.

- സ്വയം വിലയിരുത്തൽ
- കൈമാറി വായന
- മെച്ചപ്പെടുത്തൽ

**അധ്യാപികയ്ക്ക്**

* കൃത്യമായ കൈത്താങ്ങ് നൽകണം.
* മാതൃകാ തിരക്കഥകൾ ഗ്രൂപ്പിൽ വിതരണം ചെയ്യണം.
* തിരക്കഥകൾ ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുമല്ലോ

## പ്രവർത്തനം XXI

നിറം മങ്ങിയ ബാല്യത്തിന്റെയും ആഗ്രഹനഷ്ടങ്ങളുടെയും നേരാവിഷ്ക്കാരമാണ് കാവൽ, നിന്റെ ഓർമ്മയ്ക്ക് എന്നീ കഥകൾ. മുതിർന്നവർ തിരിച്ചറിയാതെ പോകുന്ന ഇളം മനസ്സുകളുടെ വേദന ഈ കഥകളിൽ തങ്ങിനിൽക്കുന്നു. (നേരത്തെ എഡിറ്റു ചെയ്ത് ശരിയാക്കിയ ഈ പരാമർശം ചാർട്ടിൽ പ്രദർശിപ്പിക്കുന്നു)

- ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
- ഉണ്ടെങ്കിൽ എന്തുകൊണ്ട്?
- പാനൽ ചർച്ച
- രണ്ടു ഗ്രൂപ്പുകളാക്കി തിരിക്കുന്നു.
- മോഡറേറ്റർ

ചർച്ചാ സൂചകങ്ങൾ

കാവൽ

-ചെറുപ്രായത്തിൽ വലിയ ജോലി.
- അംഗീകാരം ആഗ്രഹിക്കുന്ന നിഷ്കളങ്കമനസ്സ്
- ആദിവാസിമേഖലയിലെ ചൂഷണം.
- ചെറിയ ചെറിയ സ്വപ്നങ്ങൾ
- നിഷേധിക്കപ്പെടുന്ന അവകാശങ്ങൾ

നിന്റെ ഓർമ്മയ്ക്ക്

- ഒരു സഹോദരി ഉണ്ടാകാനുള്ള ആഗ്രഹം
- അച്ഛന്റെ കൂടെ വന്ന പെൺകുട്ടികാരണമാകുന്ന കുടുംബകലഹം
- അന്യതാ ബോധം
- സിംഹളപ്പെൺകുട്ടിയെ സഹാദരിയായി മനസ്സിൽ വാഴിക്കുന്ന വാസു.

- വാസുവിന്റെ കുടുംബപശ്ചാത്തലം
- പരിഗണിക്കപ്പെടാതെ പോകുന്ന വ്യക്തിത്വം
- പിശുക്കി ലഭിക്കുന്ന സ്നേഹം

ചോദ്യം: – 'ബാല്യകാലം മലയാള കഥാ സാഹിത്യത്തിൽ' ഈ വിഷയത്തിൽ നടക്കുന്ന സെമിനാറിൽ അവതരിപ്പക്കുന്നതിനുവേി കാവൽ, നിന്റെ ഓർമ്മയ്ക്ക് എന്നീ കഥകളെ അവലംബമാക്കി ഒരു ലഘു പ്രബന്ധം തയ്യാറാക്കുക?.

–വ്യക്തിഗത രചന

– സ്വയം വിലയിരുത്തൽ

– മെച്ചപ്പെടുത്തൽ.

**അധ്യാപികയ്ക്ക്**

**ആസ്വാദനം തയ്യാറാക്കാൻ താഴെ പറയുന്ന കവിതകളും ഉപയോഗിക്കാവുന്നതാണ്.**

## അറ്റം

(റഫീക്ക് അഹമ്മദ്)

ഊരിലെത്തൊടി വിറ്റു
അതിലെ പുരവിറ്റു
പൂവാലിപ്പശുവിനെ,
കോഴിയെ, താറാവിനെ

പിന്നെയീ നഗരത്തിൻ
ഹൃദയധമനിയിൽ
പൊന്തിയ ഫ്ളാറ്റൊന്നിലെ
ചില്ലയിൽ കൂട്ടിൽ കൂടി.

ചിട്ടയിലൊതിക്കത്തിൽ
ഒക്കെയുമൊരുക്കിയി–
ട്ടുത്തരം നോക്കിത്താനേ
മലർന്നുകിടക്കുമ്പോൾ

കത്തുന്ന ബൾബിൽ ചുറ്റും
തത്തുന്നില്ലൊരീച്ചയും
കുത്തുവാനെത്തുന്നില്ല
കൊതുകിൻ മൂളിപ്പാട്ടും

വനചിത്രത്തിൻ പിന്നിൽ
പല്ലിയോ ചിലച്ചില്ല.

പാറ്റതൻ നീളൻമീശ
മൂലയിൽ ചലിച്ചില്ല.

എലികൾ ഇരുട്ടിന്മേൽ
കയറിമറിഞ്ഞില്ല
ജാലകത്തിന്മേൽ പൂച്ച–
ക്കണ്ണുകൾ തിളങ്ങീല.

ഇത്തിരിത്തുറസ്സിൽ ഞാൻ
ചെന്നൂ രാവിനെ താഴെ
വെട്ടുന്നു തിരുത്തുന്നു
വാഹനവെളിച്ചങ്ങൾ

ഒറ്റയ്ക്കു നിൽക്കുന്നേരം
തോന്നുന്നു ഞാനീ ഭൂമി–
യ്ക്കറ്റത്തു നിൽക്കുംപോലെ,
ഒറ്റടിവെച്ചാലതി–
നപ്പുറത്താവും പോലെ.

ഒച്ചയില്ലാതെ നെഞ്ചിൽ
നിന്നൊരു നിലവിളി
മറ്റേതോ ഗ്രഹങ്ങളിൽ
ജീവനെത്തിരയുന്നു.

## വൈരുധ്യം

രാവിലെ ഞാൻ കിളികളുടെ പാട്ടിന് കാതോർക്കുന്നു.
അടുത്ത വാർഡിലെ ഹൃദ്രോഗിയുടെ
അവസാനത്തെ നിലവിളി കേൾക്കുന്നു.
ഉച്ചയ്ക്ക് ഞാൻ സുഹൃത്തിന്റെ കത്തുമായി വരുന്ന
പോസ്റ്റുമാനെ നോക്കിയിരിക്കുന്നു.
ചവർപ്പറ്റ മരുന്നുകളുടെ കുറിപ്പടിയോടെ
ഡോക്ടർ കയറി വരുന്നു.
വൈകുന്നേരം ഞാൻ ആപ്പിളുമായി വരുന്ന
ഭാര്യയെ കാത്തിരിക്കുന്നു.
ഇരു ഏകാന്തത
ശബ്ദം കേൾപ്പിക്കാതെ മുറിയിലെത്തുന്നു
സന്ധ്യയ്ക്ക് ഞാൻ ദൈവത്തെ കാത്തിരിക്കുന്നു.
വഴക്കിട്ട് തല പൊട്ടിച്ച ഒരു കുടിയൻ
തെറി പറഞ്ഞു കടന്നു വരുന്നു.
രാത്രി ഞാൻ മരണത്തെ കാത്തിരിക്കുന്നു
കൊച്ചുമകൾ എനിക്ക് ഒരോറഞ്ചെടുത്തു നീട്ടുന്നു.

**വൈരുധ്യം** **സച്ചിദാനന്ദൻ**

# മലയാളം പേപ്പർ II

## പ്രവർത്തനം I

''പച്ചിലക്കൂട്ടിൽ ചോരത്തുള്ളികൾ'' ഇത് ബഷീർ ഭാഷയ്ക്ക് സമ്മാനിച്ച കടങ്കഥയാണെന്ന് കരുതുക. എന്തായിരിക്കും ഇതിന്റെ ഉത്തരം?
– ചാമ്പങ്ങ
പാത്തുമ്മയുടെ ആട് എന്ന നോവലിൽ നിറഞ്ഞു നിൽക്കുന്നു് ചാമ്പങ്ങയും ചാമ്പങ്ങാവിൽപ്പനയും സുന്ദരികളായ വിദ്യാർത്ഥിനികൾ തന്നെ നോക്കാതെ പോയതിലുള്ള പ്രതിഷേധമല്ലേ, ചാമ്പങ്ങവിറ്റ പണത്തിന് ഉമ്മയോട് ബഷീർ കണക്കു പറയുന്ന സന്ദർഭത്തിൽ തെളിഞ്ഞുകാണുന്നത്. ഈ സാഹചര്യത്തിന് ഇണങ്ങുന്ന ഒരു പഴഞ്ചൊല്ല് പറയാമോ.
* 'അങ്ങാടിയിൽ തോറ്റതിന് അമ്മയോട്'
– ഈ പഴഞ്ചൊല്ലിനെ എന്തുകൊാണ് നിങ്ങൾ കഥാ സന്ദർഭത്തോട് കൂട്ടിയിണക്കിയത്?
(രോ മൂന്നോ കുട്ടികൾ പ്രതികരിക്കണം)
– ഈ ലഘുചർച്ചയുടെ വെളിച്ചത്തിൽ ഈ ചോദ്യത്തോട് പ്രതികരിച്ചുകൊ് കുറിപ്പെഴുതി നോക്കാം.
– വ്യക്തിഗതരചന
– സ്വയം വിലയിരുത്തി മെച്ചപ്പെടുത്തൽ
– കൈമാറി വായന
– രോ മൂന്നോ എണ്ണം അവതരിപ്പിക്കട്ടെ
(വിവിധ നിലവാരക്കാരായ കുട്ടികൾക്ക് അവസരം നൽകാൻ മറക്കരുത്)
പഴഞ്ചൊല്ലുകളെ നോവൽ/കഥാസന്ദർഭവുമായി കൂട്ടിയിണക്കി കുറിപ്പെഴുതുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് ശ്രദ്ധിക്കേത്?.
– ചർച്ച.
ക്രോഡീകരണം
* പഴഞ്ചൊല്ലുകളും അവയുടെ ആന്തരികാർത്ഥവും മനസ്സിൽ വിശകലനം ചെയ്യപ്പെടണം.
* മുനവെച്ച് പറയാനുള്ള പഴഞ്ചൊല്ലുകളുടെ സവിശേഷത തിരിച്ചറിയണം.
* കത്തിയ പഴഞ്ചൊല്ലിന്റെ വ്യാഖ്യാനത്തോടെയാണ് എഴുതി തുടങ്ങേത്.
* തുടർന്ന് കഥാസന്ദർഭത്തെ പഴഞ്ചൊല്ലിനോട് ചേർത്ത് വിശകലനം ചെയ്യപ്പെടണം.

**അധ്യാപികയ്ക്ക്**

ഏതെങ്കിലും പഴഞ്ചൊല്ലുകളെ സന്ദർഭവുമായി കോർത്തിണക്കി വിശകലനം ചെയ്തതിന്റെ മാതൃകകൾ ഈ ഘട്ടത്തിൽ വിതരണം ചെയ്യാവുന്നതാണ്.ഇതിന്റെ വെളിച്ചത്തിൽ ഒന്നുകൂടെ മെച്ചപ്പെടുത്തി എഴുതാൻ കുട്ടികൾക്ക് അവസരം നൽകണം

* ആശയങ്ങളെ ചിട്ടപ്പെടുത്തി ഖണ്ഡികതിരിച്ച് എഴുതാൻശ്രദ്ധിക്കണം.

പാത്തുമ്മയുടെ ആട് എന്ന നോവലിലെ കഥാസന്ദർഭങ്ങളോട് യോജിക്കുന്ന എത്രത്തോളം പഴഞ്ചൊല്ലുകൾ കത്തൊൻ കഴിയും?. കത്തിയ പഴഞ്ചൊല്ലുകളിൽ ഒന്നോ രോ എണ്ണം വ്യാഖ്യാനിച്ച് കുറിപ്പെഴുതുക?.
(ഗൃഹപാഠം)

## പ്രവർത്തനം II

### നൃത്തനടത്തം

കഥനടന്നത് അല്പം ദൂരെയാണ് അങ്ങ് നേപ്പാളിൽ കാഡ്മണ്ഠു വിനടുത്തുള്ള ഒരു ഗ്രാമത്തിലെ ചെറിയ കവലയിലാണ് സംഭവം നടക്കുന്നത്. ആ കവലയിലൂടെ കടന്നു പോകുന്നവരൊക്കെ നൃത്തം ചെയ്തുകൊു നടന്നുപോകുന്ന സവിശേഷമായ കാഴ്ചകാണുവാൻ സാധിച്ചു. മുതിർന്നവരും കുട്ടികളും സ്ത്രീകളുമെല്ലാം ഈ കവലയിലെത്തുമ്പോൾ ചുവടുവെച്ച്കൊ് കടന്നുപോകുന്നത് ആരായാലും ഒന്നു ശ്രദ്ധിക്കും കവലയിലെത്തുന്നതിന് മുമ്പോ കവല കഴിഞ്ഞതിനു ശേഷമോ ആരും നൃത്തം ചെയ്യുന്നുമില്ല. ഏതു സമയമെന്നില്ല രാത്രിയും പകലുമൊക്കെ നൃത്തംതന്നെ.

അന്വേഷിച്ചപ്പോൾ കാര്യം പിടികിട്ടി. ആ കവലയിലെ വടക്ക് ഭാഗത്ത് ഒരു ചെറിയ കോവിലു്. ആ കോവിലിലെ ദേവന് നൃത്തം മാത്രമാണത്രെ ഇഷ്ടം. ജനുവരി മാസത്തെ വിശേഷപ്പെട്ട ആഴ്ചകളിൽ കോവിലിലെ ദേവനും വഴയാത്രക്കാരുടെകൂടെ വേഷം മാറി നൃത്തം ചെയ്ത് കൂടെ പോകുമെന്നാണ് വിശ്വാസം. ആരുടെകൂടെയാണോ ദേവൻ നൃത്തം ചെയ്യുന്നത് അവർക്ക് പെട്ടെന്ന് ധനവർദ്ധനവുാകുമെന്ന് അവർ കരുതിപോരുന്നു. നോക്കണേ, വിശ്വാസം മൂത്താൽ നടക്കാത്തതും നാട്ടിൽ നടക്കും.

– ഇത് ഏതുതരം വാർത്തയാണ്.
* കൗതുകവാർത്ത.

അധ്യാപികയ്ക്ക്
രോ മൂന്നോ കുട്ടികളോട് ഏതെങ്കിലും കൗതുക സംഭവങ്ങൾ പറയാൻ ആവശ്യപ്പെടേതാണ് കൗതുകം ജനപ്പിക്കുന്ന വാർത്തകൾ കുട്ടികളോടൊപ്പം ടീച്ചറും പങ്കുവെക്കുമല്ലോ.

മറ്റ് വാർത്തകളിൽനിന്ന് കൗതുകവാർത്തയ്ക്കുള്ള വ്യത്യാസം എന്താണ്.
– ചർച്ച

ക്രോഡീകരണം
* സവിശേഷമായ ശീർഷകം

* കൗതുകം ജനിപ്പിക്കുന്ന സംഭവങ്ങളായിരിക്കും.
* കൗതുകം ഉാക്കുന്ന തരത്തിലാവണം ആഖ്യാനം
* നർമ്മസ്പർശമുള്ള ഭാഷയാവണം തെരഞ്ഞെടുക്കേത്.
* ഒരാൾ കൗതുകവർത്തമാനം പറയുന്ന തരത്തിലാവണം ആഖ്യാനം.
* പൊടിപ്പും തൊങ്ങലും ചേർത്ത് പറയുന്നത് നന്നാവും.

തന്നിലെ എഴുത്തുകാരനെ അംഗീകരിച്ച സുഹാസിനിക്ക് ചാമ്പങ്ങ പറിച്ചു നൽകാൻ ബഷീർ മരത്തിൽ വലിഞ്ഞുകയറിയ സംഭവം ഒരു കൗതുകവാർത്തയായി എഴുതിനോക്കാം.

- വ്യക്തിഗത രചന
- കൈമാറി വിലയിരുത്തൽ
- മികച്ചവ നാലെണ്ണം അവതരിപ്പിക്കൽ
- ഒന്നുകൂടെ മെച്ചപ്പെടുത്താൻ അവസരം

## പ്രവർത്തനം III

ഇനിയൊരു നർമ്മഭാവനയായാലോ, പണക്കൊതിയില്ലാത്ത ആരുംതന്നെ പാത്തുമ്മയുടെ ആട് എന്ന നോവലിൽ ഇല്ല ബഷീറിന്റെ ഉമ്മയുടെ കൂടെ കവലയിൽ ചാമ്പങ്ങ വിൽക്കാൻ ഇറങ്ങിയാലുള്ള അവസ്ഥ എന്താവും ഒരു നർമ്മാവിഷ്ക്കാരം നടത്തി നോക്കാം അവരുടെ സംസാര ശകലങ്ങൾ ചേർക്കാൻ മറക്കരുത്.

- വ്യക്തിഗത രചന
- കൈമാറി വായന
- രോ മൂന്നോ എണ്ണം അവതരണം.

* നർമ്മാവിഷ്ക്കാരം നടത്തുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?.
 - ചർച്ച

ക്രോഡീകരണം.

* നർമ്മം ജനിപ്പിക്കുന്നതാകണം ശീർഷം
* നോവൽ കഥാഭാഗത്തിൽ ഇല്ലാത്തതും പക്ഷെ ഉായാൽ അഭംഗിയില്ലാത്തതുമായ സംഭവങ്ങളാണ് നർമ്മാവിഷ്ക്കാരത്തിന് തെരഞ്ഞെടുക്കേത്.
* വായിക്കുന്ന/കേൾക്കുന്ന ആളെ രസിപ്പിക്കുന്ന തരത്തിലാവണം അവതരണം.
* നർമ്മ പൂരിതമായ സംഭാഷണങ്ങൾ ആകാവുന്നതാണ്.
* സവിശേഷമായ ഭാഷ.

ഈ നോവലിൽനിന്ന് മറ്റൊരു സന്ദർഭത്തെ കത്തെി നർമ്മാവിഷ്ക്കാരം നടത്തുക.

(ഗൃഹപാഠം)

## പ്രവർത്തനം IV

*ചാർട്ട് പ്രദർശിപ്പിക്കുന്നു.
ചാർട്ടിൽ വരേത്

"എന്നെ നിങ്ങൾക്ക് അറിയാം എന്നെ നിങ്ങൾക്ക് പരിചയപ്പെടു ത്തിയത് എന്റെ ജ്യേഷ്ഠസഹോദരൻ തന്നെ അദ്ദേഹം എഴുതിയ പലനോവലുകളും ഞാൻ സൂക്ഷ്മമായി പരിശോധിച്ചിട്ടു്. വ്യാകരണ സംബന്ധിയായ പല കുഴപ്പങ്ങളും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടു്. എഴുതുമ്പോൾ ആഖ്യയും ആഖ്യാതവുമൊക്കെ തെറ്റാതെ എഴുതാൻ ഞാൻ ഉപദേശിച്ചതാണ്. കാര്യമുായില്ല. എന്റെ അടുത്ത് തട്ടിക്കയറി. പക്ഷേ അദ്ദേഹം സ്നേഹ സമ്പന്നനാണ്. എന്നെയും നോവലിലെ ഒരു പ്രധാന കഥാപാത്രമാക്കിയിട്ടു്."

– ഇത് ആരുടെ പരാമർശമാകും.
– അബ്ദുൽ ഖാദർ (ബോർഡിൽ എഴുതണം)
– അബ്ദുൽ ഖാദറിന്റെ സ്വഭാവ സവിശേഷതകൾ എന്തൊക്കെയാണ്? (കുട്ടികളുടെ പ്രതികരണം പദസൂര്യനായി അധ്യാപിക ബോർഡിൽ കുറിക്കുന്നു.)




– അതേ സമയം ഹനീഫയുടെ സ്വഭാവവിശേഷങ്ങളോ? തികച്ചും വ്യത്യസ്തമായിരിക്കും.
(സവിശേഷതകളെ മറ്റൊരു പദസൂര്യനായി ബോർഡിൽ രേഖപ്പെടുത്തണം)



-ര് പദസൂര്യനും ചർച്ച ചെയ്യുന്നു.

എല്ലാ വൈകല്യങ്ങളെയും മറികടന്ന് ജീവിത വിജയത്തിനായി അഹോരാത്രം പണിയെടുക്കുന്ന സ്ഥിരോത്സാഹികൾക്ക് ഉദാഹരണമാണ് അബ്ദുൽഖാദർ. ഹനീഫയോ? താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- വ്യക്തിഗതമായി തയ്യാറാക്കുന്നു.
- ചെറുഗ്രൂപ്പുകളിൽ ചർച്ച/മെച്ചപ്പെടുത്തൽ.
- ഓരോ ഗ്രൂപ്പിൽനിന്നും ഒന്നുവീതം അവതരണം.
- അവതരിപ്പിക്കുന്ന സമയത്ത് മറ്റ് കുട്ടികൾ വിലയിരുത്തുന്നു.
- തുടർന്ന് വലയിരുത്തൽ സൂചകങ്ങൾ പൊതുവായി ചർച്ച ചെയ്യുന്നു.
- സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരം വിലയിരുത്തുന്നു.

സൂചകങ്ങൾ

- രു കഥാപാത്രങ്ങളുടെയും പ്രത്യേകതകൾ കത്തെിയിട്ടു്.
- കത്തെിയ പ്രത്യേകതകൾ വിശകലനം ചെയ്തിട്ടു്.
- കഥാപാത്രങ്ങളുടെ സ്വഭാവത്തിലെ സാമ്യവ്യത്യാസങ്ങൾ ക െ ത്തി യി ട്ടു ്.
- കഥാപാത്രങ്ങളെ വിലയിരുത്തിക്കൊ് സ്വന്തം അഭിപ്രായം രേഖപ്പെടുത്തിയിട്ടു്.
- അനുയോജ്യമായ ഭാഷയിൽ ആവിഷ്ക്കരിച്ചിട്ടു്.

## പ്രവർത്തനം V

ഈ ര് കഥാപാത്രങ്ങൾക്ക് പുറമെ ഒട്ടേറെ സവിശേഷതകളുള്ള കുറേയേറെ കഥാപാത്രങ്ങൾ പാത്തുമ്മയുടെ ആട് എന്ന നോവലിലു്. വ്യത്യസ്ത സ്വഭാവക്കാരായിരുന്നിട്ടും അവരൊക്കെ ഒരു കുടക്കീഴിൽ ജീവിക്കുന്നു. അതും വളരെ ചെറിയ വീട്ടിൽ. കൂടെ ആടുകൾ ഉൾപ്പെടെ കുറെയേറെ ജീവജാലങ്ങളും കൂട്ടു കുടുംബത്തിന്റെ സൂക്ഷ്മ സവിശേഷതകൾ തന്നെയല്ലേ ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. അതേ സമയം ഇന്നത്തെ അണുകുടുംബങ്ങളാവട്ടെ പ്രശ്നങ്ങളിൽ വീർപ്പുമുട്ടുന്നു. ഈ ര് കുടുംബവ്യവസ്ഥകളുടെയും സവിശേഷതകൾ ഒന്ന് ലിസ്റ്റ് ചെയ്ത് നോക്കാം.

(ഇത്രയും ഭാഗം അധ്യാപിക പരാമർശിക്കേതാണ്)

- വ്യക്തിഗതമായി കുറിക്കുന്നു.
- പ്രതികരണം
- കുട്ടികളുടെ പ്രതികരണത്തെ അധ്യാപിക ചാർട്ടിൽ ര് കോളങ്ങളിലായി ലിസ്റ്റു ചെയ്യുന്നു.

| കൂട്ടുകുടുംബം | അണുകുടുംബം |
|---|---|
| * കൂടുതൽ അംഗങ്ങൾ | * അച്ഛനും അമ്മയും ഒന്നോ രണ്ടോ കുട്ടികൾ |
| * കാരണവർ | * ഉടമാവകാശബോധം |
| * പരസ്പര സഹകരണം | * കൂടുതൽ വിഭവങ്ങൾ |
| * ഉള്ളത് പങ്ക്വെക്കൽ | * സ്വാർത്ഥത |
| * കൂട്ടായ്മ | * അരക്ഷിതാവസ്ഥ |
| * സ്നേഹം | * മാനസിക പ്രശ്നങ്ങൾ |
| * പിണക്കവും ഇണക്കവും | * ........................................ |
| * ഇല്ലായ്മ | * ........................................ |
| * ദാരിദ്ര്യം | * ........................................ |
| * ........................................ | * ........................................ |
| * ........................................ | * ........................................ |

'കൂട്ടുകുടുംബത്തിന്റെ മഹത്വമാണ് പാത്തുമ്മയുടെ ആട് നൽകുന്ന സന്ദേശങ്ങളിലൊന്ന്' ഈ വിഷയത്തെ അധികരിച്ചുകൊണ്ട് ബഷീർ അനുസ്മരണദിനത്തിൽ നിങ്ങൾ നടത്തുന്ന പ്രഭാഷണം തയ്യാറാക്കുക.
- വ്യക്തിഗതമായി തയ്യാറാക്കുന്നു.
- മൂന്നോ നാലോപേർ അവതരിപ്പിക്കുന്നു.
- വിലയിരുത്തൽ സൂചകങ്ങൾ ചർച്ചയിലൂടെ നിർമ്മിക്കുന്നു.

സൂചകങ്ങൾ
- പറഞ്ഞിരിക്കുന്ന വിഷയത്തെക്കുറിച്ചുള്ള പ്രസക്തമായ കാര്യങ്ങൾ ചിട്ടയായി അവതരിപ്പിച്ചിട്ടുണ്ട്.
- പ്രഭാഷണത്തിന്റെ ഭാഷ, ശൈലി, ഇവ ഉപയോഗിച്ചിട്ടുണ്ട്.
- പ്രഭാഷണത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്.

## പ്രവർത്തനം VI

അണുകുടുംബ വ്യവസ്ഥയുടെ സന്തതിയാണ് വൃദ്ധസദനങ്ങൾ. ജീവിതസായാഹ്നത്തിലെ അനാഥത്വവും ഏതാന്തതയും എത്രമേൽ ഭയാനകമാണ്. ചീമേനി ഗവ: ഹയർ സെക്കന്ററി സ്കൂളിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഒരു ചെറുസംഘം സമീപപ്രദേശത്തുള്ള ഒരു വൃദ്ധമന്ദിരം സന്ദർശിക്കുകയുണ്ടായി. ആ സംഘം കണ്ടെത്തിയ കാര്യങ്ങൾ നമ്മെയൊക്കെ വേദനിപ്പിക്കുന്നവയാണ്. എന്തൊക്കെയാണവയെന്ന് നോക്കാം.

* ജീവിതത്തിന്റെ നല്ലകാലങ്ങളിൽ ഉന്നത സ്ഥാനങ്ങളിലിരുന്നവരാണ് വൃദ്ധസദനങ്ങളിലെ ഒട്ടുമിക്ക അന്തേവാസികളും
* വളരെ കൂടുതൽ പണം ചെലവഴിച്ച് പഠിപ്പിച്ച മക്കൾ വിദേശങ്ങളിലും മറ്റും ജോലിചെയ്യുന്നതിനാൽ അച്ഛനമ്മമാരെ സംരക്ഷിക്കാൻ ആളില്ലാതായി.
* സാമ്പത്തികമായിമുന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ളവരാണ് അധികം അംഗങ്ങളും.
* ശമ്പളം പറ്റുന്ന ജീവനക്കാരുടെ പരിചരണം മാത്രം
* പത്ത് വർഷം കഴിഞ്ഞ ഒന്നു ര് അന്തേവാസികൾ.
* അധികമരണങ്ങളും വൃദ്ധമന്ദിരങ്ങളിലോ, സ്ഥാപനത്തിനുകീഴിലുള്ള ആശുപത്രികളിലോ
* ശവസംസ്കാരത്തിനുപോലും ചിലപ്പോൾ മക്കൾ എത്താറില്ല.
* കൂട്ടുകാരുടെ മരണങ്ങൾ അവരുടെ ആത്മബലത്തെ തളർത്തുന്നു.
* ഗ്രാമങ്ങളിലും ഇപ്പോൾ വൃദ്ധമന്ദിരങ്ങൾ/ശരണാലയങ്ങൾ.
* ഒട്ടേറെ വൃദ്ധർ തെരുവോരങ്ങളിൽ.

(മുകളിലത്തെ കോളത്തിൽ കൊടുത്ത കാര്യങ്ങളുടെ കോപ്പികൾ ഗ്രൂപ്പിൽ വിതരണം ചെയ്യുകയോ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുകയോ ചെയ്യണം)

– കുട്ടികൾ ചർച്ച ചെയ്യട്ടെ

– ലോകവൃദ്ധദിനത്തിൽ പുറത്തിറങ്ങുന്ന ഏതെങ്കിലും ഒരു പത്രത്തിന്റെ എഡിറ്റോറിയൽ/മുഖപ്രസംഗം തയ്യാറാക്കാൻ നിങ്ങൾക്ക് അവസരം ലഭിച്ചു എന്നു കരുതുക. നിങ്ങൾ നടത്തിയ ചർച്ചകൂടെ പരിഗണിച്ചുകൊ് ഒരു എഡിറ്റോറിയൽ തയ്യാറാക്കുക.

– വ്യക്തിഗതമായി തയ്യാറാക്കുന്നു.

– ഗ്രൂപ്പിൽ കൈമാറിവായന

– ഗ്രൂപ്പിൽനിന്ന് ഒന്നു വീതം അവതരണം.

ഏതെങ്കിലും വിശേഷവാർത്തവന്ന ദിനത്തിലെ വ്യത്യസ്ത പത്രങ്ങളുടെ എഡിറ്റോറിയൽ പേജ് ഗ്രൂപ്പിൽ വിതരണം ചെയ്യുന്നു. മുഖപ്രസംഗം വായിക്കാൻ ആവശ്യപ്പെടുന്നു. എഡിറ്റോറിയൽ പേജ് ഗ്രൂപ്പുകൾ കൈമാറിവായിക്കുന്നു. അവർ എഴുതിയ എഡിറ്റോറിയലിന്റെ ഘടനയുമായി താരതമ്യം ചെയ്യട്ടെ.

– എഡിറ്റോറിയൽ തയ്യാറാക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം.?

– ചർച്ച

ക്രോഡീകരണം

* ശീർഷകം
* വിഷയത്തോടുള്ള വീക്ഷണം വ്യക്തമാകണം.

* യുക്തിപൂർവ്വം ഉദാഹരണ സഹിതം നിരീക്ഷണങ്ങൾ അവതരിപ്പിക്കണം.
* ആഹ്വാന സ്വഭാവമുള്ള വിരാമം
* വൈകാരികതയേക്കാൾ വസ്തുനിഷ്ഠ സ്വഭാവമുള്ള ഭാഷ
* ഘടന

**അധ്യാപികയോട്,**
**സ്വന്തം എഴുതിതയ്യാറാക്കിയ വൃദ്ധദിന ചിന്തകൾ പങ്കുവെക്കുന്ന എഡിറ്റോറിയൽ കുറിപ്പിന്റെ കോപ്പികൾ ഈ ഘട്ടത്തിൽ ഗ്രൂപ്പുകളിൽ വിതരണം ചെയ്യാവുന്നതാണ്. അതുകൂടെ പരിശോധിക്കട്ടെ. ഒന്നുകൂടെ മെച്ചപ്പെടുത്തി എഴുതാൻ കുട്ടിക്ക് അവസരം നൽകണം.**

## പ്രവർത്തനം VII

വൃദ്ധസദനം സന്ദർശിച്ച കുട്ടികൾ കവിതകളും ചെറുകഥകളും ലേഖനങ്ങളുമെഴുതുകയുായി. ഈ സൃഷ്ടികളെ ഒരു സമാഹാരമാക്കി പുറത്തിറക്കാൻ അവർ തീരുമാനിച്ചിരിക്കുന്നു. ഈ കൃതിക്കുവേി ഒരു പുറന്താൾ കുറിപ്പ് നമുക്ക് സംഭാവനചെയ്യാവുന്നതാണ്.

– പുറന്താൾ കുറിപ്പിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്താം.
– ചർച്ച

ക്രോഡീകരണം

* സൃഷ്ടി/സൃഷ്ടികളെ കുറിച്ചുള്ള സംക്ഷിപ്ത വിവരണം.
* സൃഷ്ടി/സൃഷ്ടികൾ എന്തിനെ ലക്ഷ്യംവെക്കുന്നു.
* പൊതുതലം
* ശ്രദ്ധേയമായ കത്തെലുകൾ
* ആകർഷണീയമായ ഭാഷ

– പുറന്താൾ കുറിപ്പെഴുതാൻ ആവശ്യപ്പെടുന്നു.
– വ്യക്തിഗത രചന
– പൊതു അവതരണം
– മൂല്യനിർണ്ണയ സൂചകങ്ങൾ

**അധ്യാപികയോട്**
**ഏതെങ്കിലും ശ്രദ്ധേയമായ കൃതികളുടെ കോപ്പികൾ ഈ ഘട്ടത്തിൽ ഗ്രൂപ്പുകളിൽ വിതരണം ചെയ്ത് പുറന്താൾ കുറിപ്പിന്റെ സവിശേഷത തിരിച്ചറിയാൻ അവസരം നൽകണം.**

– പാത്തുമ്മയുടെ ആട് എന്ന നോവൽ ഡി. സി. ബുക്സ് വീണ്ടും പ്രസിദ്ധീകരിക്കുന്നു. പുസ്തകത്തിന് അനുയോജ്യമായ ഒരു പുറന്താൾ കുറിപ്പ് എഴുതുക. (ഗൃഹപാഠം)

## പ്രവർത്തനം VIII

കുട്ടികളെ ആറ് ഗ്രൂപ്പുകളായി തിരിക്കുന്നു. നോവലിലെ ചിലസംഭാഷണങ്ങളും പരാമർശങ്ങളും ഓരോ ശീർഷകത്തിൻകീഴിലായി എഴുതിയ ആറ് കടലാസുതുണ്ടുകൾ ഗ്രൂപ്പിൽ വിതരണം ചെയ്യുന്നു.

| I | II |
|---|---|
| നോവലിലെ സാമ്പത്തികം | നോവലിലെ സ്ത്രീകഥാപാത്രങ്ങൾ |
| * 'നെനക്കങ്ങനൊക്കെ പറയാം, ഒറ്റാന്തടി, മൂച്ചാംവയറ്, നീ എനിക്ക് കൊറച്ച് രൂപ താ'. ഞങ്ങളുടെ സംഭാഷണം എപ്പോഴും വന്നു നിൽക്കുന്നത് ഈ രൂപയിലാണ്.<br><br>* 'മ്പീടെ ഒരു കൊച്ച് കാലണ. മ്പീടെ ര് കൈയ്ക്ക് കൈയിനും കൂടെ കൂട ര് കാലണ'.<br>* വല്ല്യഇക്കാക്ക, ഞാൻ എന്റെ സ്ഥലം വിൽക്കാൻ വിചാരിക്കുന്നു. വല്ല്യ ഇക്കാക്കായ്ക്ക് വിലകുറച്ചു തരാം. | *ആണുങ്ങൾക്കും കുഞ്ഞുങ്ങൾക്കും മാത്രമേ ചോറുള്ളൂ. ബാക്കിയുള്ളവർ കപ്പകിഴങ്ങ് തിന്ന് ജീവിക്കുന്നു....<br><br>വെളുപ്പിനെ നാലുമണിക്കെഴുന്നേൽക്കും. എന്നിട്ടു തോടുകളിൽ കുതിർക്കാൻ ഇട്ടിരിക്കുന്ന തെങ്ങോല വലിച്ചുകൊണ്ടുവന്നു മെടയും |
| III | IV |
| കേന്ദ്രകഥാപാത്രമായ ആട് | കുട്ടികൾ |
| * 'വെളുപ്പിനേ എന്റെ വീട്ടിൽവന്ന് അടുക്കളയിൽ കയറി വല്ലതും പ്രാതൽ കഴിക്കും. എന്നിട്ടു പുരയ്ക്കകത്തുകടന്ന് ഉറങ്ങിക്കിടക്കുന്ന കുഞ്ഞുങ്ങളുടെ ദേഹത്തു ചവിട്ടി അവരെ ഉണർത്തി മുറ്റത്തിറങ്ങി രാത്രി വീണ...................'.<br>* 'ഹേ, അജസുന്ദരീ! ഭവതി പുതപ്പു തിന്നരുത്. അതിനു നൂറ് രൂപാ വിലയുണ്ട് അതിന്റെ കോപ്പി എന്റെ പക്കൽ വേറെയില്ല'. | * 'ഉള്ളാടത്തിപ്പാറൂ, ഉ ള്ളാ ട ത്തി പ്പാ റൂ. ഞാങ്കൊണ്ടുപോകുകേല.'<br><br>* 'ബാപ്പാ പറേണത്, മ്പികേട്ട്!.'<br><br>* ആട് അപ്പവും ഹാഫ്ടൗസറിന്റെ മുൻവശവും തിന്നു. കീശയിലുള്ളത് കീശയോടെ തിന്നു. |

| V | VI |
|---|---|
| **നോവലിലെ ഭാഷ** | **മനുഷ്യേതര കഥാപാത്രങ്ങൾ** |
| * 'അവനോടൊന്നും പറേ ഈ പപരപ്പ് പരാതീനങ്ങളെല്ലാം ലച്ചിക്കണെതമനല്ലേ അവനില്ലാർന്നെങ്കി കാണാർന്ന് ....................'<br>* ഇതെല്ലാം ഞാൻ വർത്തമാനം പറയുന്നമാതിരി തന്നെയാണ് എഴുതിവെച്ചിരിക്കുന്നത്. ഇതിൽ നിന്റെ ചട്ടുകാലൻ ആഖ്യാദമില്ലെങ്കിലെന്ത്? അവന്റെ ഒരു പലുങ്കൂസൻ വ്യാകരണം. | * ആ സദസ്സിലേക്ക് ഒരു വെള്ളപൂച്ച കടന്നുവന്നു. കൂട്ടത്തിൽ വലിയ കരിങ്കോഴിക്ക് അതത്ര പിടിച്ചില്ല. അതു പൂച്ചയുടെ തലയ്ക്ക് ഒരു കൊത്ത്!<br>* കാക്ക പറന്നു. കോഴികൾ പരക്കം പാഞ്ഞു. പരുന്തുകളും എറിയനും നിശ്ശബ്ദരായി എങ്ങോ ഒളിച്ചു. |

–കിട്ടിയിരിക്കുന്ന ശീർഷകത്തിൻ കീഴിൽ നടക്കേ ചർച്ചയ്ക്ക് സഹായകമായ കൂടുതൽ പരാമർശങ്ങളും സംഭാഷണങ്ങളും നോവലിൽനിന്ന് കത്തൊൻ അതാതു ഗ്രൂപ്പുകാരോട് ആവശ്യപ്പെടുന്നു.
– കത്തെിയ പരാമർശങ്ങളും കാര്യങ്ങളും വെച്ച് അതാത് ശീർഷകത്തെ അവലംബമാക്കി ചർച്ചചെയ്യാൻ നിർദ്ദേശിക്കുന്നു.
– ചർച്ചയിൽ ഉരുത്തിരിഞ്ഞ വസ്തുതകൾ സൂചകങ്ങളായി കുറിച്ചുവെക്കാൻ ആവശ്യപ്പെടുന്നു.
– കത്തെലുകൾ ക്രോഡീകരിച്ച് അവതരിപ്പിക്കാൻ ഓരോ ഗ്രൂപ്പുകാരോടും ആവശ്യപ്പെടുന്നു.
(ചർച്ചയെ മെച്ചപ്പെടുത്താൻ അധ്യാപിക സഹായിക്കേതാണ്)
– ഓരോ ശീർഷകത്തെയും ഓരോ മികച്ച ചോദ്യങ്ങളാക്കിമാറ്റി എഴുതാൻ ആവശ്യപ്പെടുന്നു. ഉചിതമായ ഏത് വ്യവഹാരരൂപത്തെയും പരിഗണിയ്ക്കാം. ഉാക്കിയ ചോദ്യങ്ങൾ വായിപ്പിക്കുന്നു.
– മൂല്യനിർണ്ണയ സൂചകങ്ങളും അതാതുഗ്രൂപ്പുകൾ കത്തെട്ടെ.
– ഈ ചോദ്യത്തിനുള്ള ഉത്തരം അതാതു ഗ്രൂപ്പിലെ ഓരോ അംഗത്തോടും എഴുതാൻ നിർദ്ദേശിക്കുന്നു.
– ഓരോ ഗ്രൂപ്പിൽനിന്നും രുവീതം അവതരണം.
–മെച്ചപ്പെടുത്തൽ

**അധ്യാപികയോട്**

പരിഗണിയ്ക്കപ്പെടേ വ്യവഹാര രൂപങ്ങളെ സ്വാഭാവികതയും തുടർച്ചയുമുള്ള ക്ലാസ്സ് റൂം പ്രവർത്തനങ്ങളാക്കി ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പാക്കുമെന്ന് പ്രതീക്ഷിക്കുന്നു.